VII നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും

(ചർച്ച തുടർച്ച)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : (തുടർച്ച) സർ, കഴിഞ്ഞ ദിവസം കർഷകത്തൊഴിലാളി നിയമ ഭേദഗതി ബില്ലിനെ സംബന്ധിച്ച് ചില കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചിരുന്നു. കാർഷികരംഗത്തെ പ്രതിസന്ധിയെ സംബന്ധിച്ചും കൃഷിക്കാർ നേരിടുന്ന പ്രയാസങ്ങളെ സംബന്ധിച്ചും വളരെ വിശദമായി ഇവിടെ ഭരണ-പ്രതിപക്ഷകക്ഷികളിലുള്ളവരെല്ലാം സംസാരിക്കുകയുണ്ടായി. ചോദ്യത്തിന് ഉത്തരമായിട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഈ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാമെന്നും പറയുകയുണ്ടായി. ഈ കാർഷിക പ്രതിസന്ധിയുടേയും തകർച്ചയുടേയും ഫലമായി കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന പാവപ്പെട്ട കർഷകത്തൊഴിലാളികൾ നേരിടുന്ന ദുരവസ്ഥയെ സംബന്ധിച്ച് വലിയ തോതിലൊന്നും ഗൗരവത്തിൽ കാണാൻ നമ്മുടെ ഗവൺമെന്റിന് കഴിയുന്നില്ലായെന്നുള്ള ശോച്യാവസ്ഥ നിലനിൽക്കുമ്പോഴാണ് അവരുടെ ക്ഷേമനിധിയിൽ കർഷകത്തൊഴിലാളികളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്. 2 രൂപ 5 രൂപയാക്കി വർദ്ധിപ്പിക്കണമെന്നത് നല്ലതുതന്നെ. പക്ഷേ നിലവിലുള്ളതും, അവർക്ക് ലഭിക്കേണ്ടതുമായ ആനുകൂല്യങ്ങൾ, അവർക്ക് അർഹതപ്പെട്ട നിയമപരമായിട്ടുള്ള ചില ആനുകൂല്യങ്ങൾ കൊടുക്കാൻ എന്തിനാണ് ഗവൺമെന്റ് വൈമുഖ്യം കാണിക്കുന്നത് ? ഈ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച കാളിംഗ് അറ്റൻഷന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, 45 കോടി രൂപ അതിവർഷ ആനുകൂല്യമായിട്ട് കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന കർഷകത്തൊഴിലാളികൾക്ക് കൊടുക്കാൻ കുടിശ്ശികയുണ്ട് എന്നാണ്. ഈ ക്ഷേമനിധി ബോർഡിൽനിന്ന് അവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യം 45 കോടി രൂപ കൊടുക്കാൻ ബാക്കിയുണ്ടെന്ന് പറയുകയാണ്. കൊടുക്കാൻ കഴിയുമോ എന്ന ചോദ്യത്തിന് അതിപ്പോൾ കൊടുക്കാൻ സാധ്യമല്ല എന്നാണ് ബഹു. മന്ത്രി പറഞ്ഞത്. വിവാഹ ആവശ്യം അല്ലെങ്കിൽ ചികിൽസപോലുള്ള കാര്യങ്ങൾക്കുള്ള ആനുകൂല്യമായി 7 കോടി രൂപയാണ് കുടിശ്ശികയുള്ളത്. ചികിൽസ, വിവാഹം ഇതുപോലുള്ള ആവശ്യങ്ങൾക്കുവേണ്ടി 7 കോടി രൂപ കൊടുക്കാൻ ബാക്കിനിൽക്കേ അതിനെ സംബന്ധിച്ച് പരിശോധിക്കാം എന്നും അതിവർഷാനുകൂല്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള 45 കോടി രൂപ കൊടുക്കുന്നതിന് ഇപ്പോൾ ഗവൺമെന്റിന് സാധ്യമല്ലെന്നുമുള്ള മറുപടിയാണ് ബഹു. മന്ത്രി നൽകിയത്. കഴിഞ്ഞ ദിവസത്തെ സഭയിലെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. എന്താണ് ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ മനസ്സിലിരിപ്പ് ? ഇത്തരമൊരു ഭേദഗതി കൊണ്ടുവരുമ്പോൾ അവരുടെ ക്ഷേമത്തിന് അനുകൂലമായി ഗവൺമെന്റ് ചിന്തിക്കുന്നു എന്നു വരുത്തുക ; മറു ഭാഗത്ത് അവർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ കൊടുക്കാതെ ആ തുക ഉപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ മറ്റുചെലവുകൾ നടത്തുക—ഇത് കേരളത്തിലെ പാവപ്പെട്ട കർഷകത്തൊഴിലാളികളോട് ചെയ്യുന്ന ഏറ്റവുംവലിയ ക്രൂരതയാണെന്നു മാത്രമേ എനിക്ക് പറയാൻ കഴിയൂ. കേരളത്തിലെ അസംഘടിതരായിട്ടുള്ള പ്രത്യേകിച്ചും പാലക്കാട്, കുട്ടനാട്, തൃശ്ശൂർ കോൾ നിലങ്ങളൊഴിച്ചുള്ള കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ കാർഷികമേഖലയിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികൾ അങ്ങേയറ്റം ജീവിതദുരിതം അനുഭവിക്കുകയാണ്. നേരത്തേ ഇവിടെ വിശദീകരിച്ചല്ലോ തേങ്ങയ്ക്കു വിലയില്ല, അടക്കയ്ക്കു വിലയില്ല, കുരുമുളകിനു വിലയില്ല, റബ്ബറിനു വിലയില്ല എന്ന്. ഇങ്ങനെ കാർഷികോല്പന്നങ്ങൾക്ക് വിലയിടിവുവരുന്ന സന്ദർഭത്തിൽ കൃഷിക്കാർ അവിടെ കൃഷി ചെയ്യുന്നില്ല എന്നുള്ള ഒരു നിലപാടാണ് സ്വീകരിക്കുന്നത്. ഇപ്പോൾ വടക്കൻ മലബാറിലൊക്കെയാണെങ്കിൽ പ്രത്യേകിച്ച് തെങ്ങുകൃഷിക്കാർ തെങ്ങിനുവേണ്ടി യാതൊന്നും ചെയ്യുന്നില്ല. അങ്ങനെ കൃഷി ചെയ്യുന്നില്ല എന്നുള്ള അവസ്ഥവരുമ്പോൾ, പണിയെടുക്കുന്നില്ല എന്നുള്ള നിലപാട് കൃഷിക്കാർ എടുക്കുന്ന സന്ദർഭത്തിൽ തൊഴിൽ നഷ്ടപ്പെടുന്നത് കർഷക തൊഴിലാളികൾക്കാണ്. ബഹുഭൂരിപക്ഷംവരുന്ന കർഷകത്തൊഴിലാളികൾ ഇന്നലെ ജീവിച്ചതുപോലെ പോലും ജീവിക്കാൻ കഴിയാതെവരുന്ന ചുറ്റുപാടിൽ അകപ്പെടുമ്പോൾ അവരുടെ ക്ഷേമത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള നിയമപരമായിട്ടുള്ള ആനുകൂല്യങ്ങൾ തൽക്ഷണം കൊടുക്കുന്നതിനുപകരം കോടിക്കണക്കിനു രൂപ കുടിശ്ശികയായി നിലനിർത്തുന്നത് ഒരു ഗവൺമെന്റിനും ഭൂഷണമല്ലെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. തൊഴിലാളികളുടെ പെൻഷൻ സംബന്ധിച്ച് ഇവിടെ പറഞ്ഞല്ലോ, അവരുടെ ക്ഷേമവുമായി ബന്ധപ്പെട്ടതല്ലേ കർഷകത്തൊഴിലാളി പെൻഷൻ ? നമ്മുടെ സംസ്ഥാനം അഭിമാനത്തോടുകൂടി പറയും, കേരളത്തിലെ ഏറ്റവും നിർദ്ധനരും അശരണരുമായ കർഷകത്തൊഴിലാളികൾക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള പെൻഷൻ, പക്ഷേ ആ പെൻഷൻ ആനുകൂല്യം സംബന്ധിച്ച് ഈ ഗവൺമെന്റ് വന്നിട്ട് അങ്ങയുടെ മറുപടിയിൽ 16 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെന്നു പറഞ്ഞു. 16 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെന്നു പറഞ്ഞാൽ

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അതിന്റെ അർത്ഥം കഴിഞ്ഞ ഓണത്തിനും പെൻഷൻ കൊടുത്തില്ല എന്നാണ് ഇപ്പോൾ ഓണം വരികയാണ്. 98 കോടി രൂപ ഈ കേരളത്തിലെ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് കൊടുക്കാതെ കുടിശ്ശികയായി നിലനിർത്തുന്നത് അങ്ങയുടെ ഗവൺമെന്റിന് ഭൂഷണമാണോ ? ഇത് അങ്ങേയറ്റം അന്യായമാണ്, അന്യായമെന്നുമാത്രം പറഞ്ഞാൽ പോരാ, അതിക്രൂരവുമാണ്. കേരളത്തിലെ പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ ക്ഷേമം ഉദ്ദേശിച്ചുകൊണ്ട് ഈ ഭേദഗതി കൊണ്ടുവരുന്ന അങ്ങേക്ക് അടിയന്തിരമായി ഈ പെൻഷൻ കുടിശ്ശികയും വിവാഹം, ചികിത്സ അതുപോലെ മറ്റുകാര്യങ്ങൾക്ക് കൊടുക്കുന്ന സഹായ ധനവും അടിയന്തിരമായി കൊടുക്കാൻ കഴിയണമെന്നുള്ളതാണ്. അതിവർഷാനുകൂല്യം അതും 45 കോടി രൂപ എത്രയുംപെട്ടെന്ന് കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 18,17,996 പേർ ഇതിനകം ബോർഡിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അങ്ങു പറഞ്ഞു. പക്ഷേ എന്നിട്ട് അങ്ങു പറഞ്ഞത് എന്താണ്? ഭൂരിഭാഗംപേരും അവരുടെ വിഹിതം കൃത്യമായി

LIBRARY ARCHIVES Kerala Legislative Assembly

അടയ്ക്കുന്നില്ല എന്നാണ്. അതിന് ആരാണ് കുറ്റക്കാർ ? പാവപ്പെട്ട അവർക്ക് ആഗോളവൽക്കരണത്തെ സംബന്ധിച്ചും ഉദാരവൽക്കരണത്തെ സംബന്ധിച്ചും ഒന്നും അറിയില്ലല്ലോ. ഡബ്ല്യു.ടി.ഒ.-യുടെ അല്ലെങ്കിൽ ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും നടപടിയുടെ ഭാഗമായി വന്നിട്ടുള്ള പ്രതിസന്ധിയുമായി ബന്ധപ്പെട്ട് കർഷകത്തൊഴിലാളികൾ നേരിടുന്ന പ്രയാസത്തെ സംബന്ധിച്ച് അവർക്ക് അറിയില്ല. പക്ഷേ അങ്ങ് പറയുന്നത് ഈ വിഹിതം കൃത്യമായി അടയ്ക്കുന്നില്ല എന്നാണ്. അതിന് ആരാണ് കുറ്റക്കാർ ? ഇപ്പോൾ ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടിവ് എന്ന തസ്തികയിൽ ആളുണ്ടോ ? ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് എന്ന ഉദ്യോഗസ്ഥൻ നിലവിലുണ്ടോ ? അവിടെ ആരെങ്കിലും പി.എസ്.സി. മുഖേന അപ്പോയിന്റു ചെയ്തവരായി നിലവിലുണ്ടോ ? അങ്ങേക്ക് മറുപടി പറയാൻ പറ്റുമോ ? ഇല്ലെന്നുള്ളതാണ് വസ്തുത. എല്ലാവരും സൗകര്യത്തിന് താവളമായി ഈ ക്ഷേമനിധി ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോവുകയാണ്. അവർക്ക് യാതൊരു പ്രതിബദ്ധതയും യാതൊരു താല്പര്യവുമില്ല. എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത് ഈ ക്ഷേമനിധി ബോർഡിൽ മുൻകാലത്തേതുപോലെ പി.എസ്.സി. മുഖേന ഉദ്യോഗസ്ഥന്മാരെ നിശ്ചയിച്ചുകൊടുക്കണമെന്നാണ്. മറ്റൊന്ന്, ഇപ്പോൾ ഭൂവുടമാ വിഹിതം കൃത്യമായി അടയ്ക്കുന്നില്ല എന്നു പറഞ്ഞു. ആരാണ് അതിന് കുറ്റക്കാർ ? കേരളത്തിൽ ഒരു ഏക്കർ ഭൂമിക്ക് 10 രൂപ എന്നുള്ള രീതിയിൽ ഈ വിഹിതം അടയ്ക്കണമെന്നുള്ളതാണ് അതു സംബന്ധിച്ച് തീർച്ചയായും നമുക്ക് ചർച്ച ചെയ്യണം. ഭൂവുടമാ വിഹിതം വർദ്ധിപ്പിക്കാൻ സാധ്യതയുണ്ട്, അങ്ങനെ സാധ്യതയുണ്ടെങ്കിൽ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വിഹിതം കൊടുക്കാൻ കഴിയുമോ ? നമുക്ക് അതിനെക്കുറിച്ച് ആലോചിക്കണം. കാരണം നമ്മുടെ സമൂഹത്തിൽ ഏറ്റവും പിന്നണിയിൽ കിടക്കുന്ന, സാമ്പത്തികമായും ഒപ്പം സാമൂഹികമായും പിന്നണിയിൽ കിടക്കുന്ന ഒരു വിഭാഗമാണ് കർഷകത്തൊഴിലാളികൾ കഴിഞ്ഞ 10 വർഷക്കാലമായി കേരളത്തിൽ കർഷകത്തൊഴിലാളികൾ അതീവ ഗുരുതരമായിട്ടുള്ള, ദാരിദ്ര്യത്തിലേക്ക് മുതലക്കൂപ്പുകുത്തുന്നു. പട്ടിണിയിലേക്കും പട്ടിണിമരണത്തിലേക്കും നയിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവരുടെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് ആലോചിക്കുമ്പോൾ, അതുപോലുള്ള ഭേദഗതി നിയമങ്ങൾ കൊണ്ടുവരുന്നതിനെ സംബന്ധിച്ച് ആലോചിക്കുമ്പോൾ, നിലവിലുള്ള ആനുകൂല്യങ്ങൾ അവർക്ക് കൊടുക്കണമെന്നുള്ളതു മാത്രമല്ല, ഭൂവുടമാ വിഹിതം വർദ്ധിപ്പിക്കാനും അതോടൊപ്പം കർഷകത്തൊഴിലാളി 5 രൂപ അടയ്ക്കുമ്പോൾ നമ്മുടെ സർക്കാരിന്റെ ഭാഗത്തുനിന്നും ഒരുരൂപ എങ്കിലും അംശദായം കൊടുക്കാനും കഴിയുമോ എന്ന് ആലോചിക്കണം എന്നുമാണ് എനിക്ക് പറയാനുള്ളത്. അങ്ങനെ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചാൽ എന്താണ് തെറ്റ് ? പട്ടിണി കിടക്കുന്നവർക്കുവേണ്ടി ഇങ്ങനെയൊരു തീരുമാനം നമ്മളെടുത്താൽ അത് വലിയൊരു സഹായമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ ഈ ബിൽ വളരെ ആഴത്തിൽ പഠിച്ചിട്ടാണ് പറയുന്നത്. ഇതിൽ ഗവൺമെന്റ് വിഹിതമില്ല. ഉടമകൾ അടയ്ക്കേണ്ട സംഖ്യ ഗവൺമെന്റ് ഓരോ വർഷവും അടയ്ക്കുകയാണ്. ഈ ക്ഷേമനിധി നടപ്പാക്കിയതിനുശേഷം ആദ്യമായി 5 കോടി രൂപ ഉടമാ വിഹിതമായി സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത് ശ്രീ. കെ. രാധാകൃഷ്ണൻ ഉൾപ്പെടുന്ന നായനാർ ഗവൺമെന്റിന്റെ കാലത്താണ്. ബാക്കി രൂപ നൽകിയിട്ടില്ല എന്നുള്ള വിവരം ശ്രീമതി പി. കെ. ശ്രീമതി ടീച്ചറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല, ഈ സഭയിൽത്തന്നെ ആ കാര്യം വരികയും ചെയ്തു.

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ, കർഷകത്തൊഴിലാളികളോട് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനത്തെപ്പറ്റിയാണ് വിമർശനപരമായി ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഈ കഴിഞ്ഞ ദിവസം സഭയിൽ മറുപടി പറഞ്ഞത് പാവങ്ങളിൽ പാവങ്ങളായ കൈത്തറി തൊഴിലാളികൾക്ക് അവരുടെ ക്ഷേമനിധി നിയമപ്രകാരം വിവാഹം കഴിക്കുന്ന അവസരത്തിൽ ആനുകൂല്യം നൽകണം എന്നാണ്. പക്ഷേ വിവാഹം കഴിക്കുന്ന അവസരത്തിൽ അപേക്ഷ കൊടുത്തിട്ട് കുട്ടികളായതിനു ശേഷവും ഈ ക്ഷേമനിധിയുടെ ആനുകൂല്യം കിട്ടാത്ത കാര്യം ബഹുമാനപ്പെട്ട പി. കെ. ശ്രീമതി ടീച്ചർ മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : മനസ്സിലാക്കിയിട്ടുണ്ടോ എന്നോ, നല്ലകഥ.......

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങനെ ജനിച്ച കുട്ടിയുടെ കല്യാണം ഇപ്പോൾ നിശ്ചയിക്കാൻ പോവുകയാണ് എന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : വളരെ ഗൗരവമുള്ള ഒരു വിഷയമെന്നുള്ള നിലയിൽ ഞാൻ എന്റെ വിഷയത്തിലേക്കുതന്നെ വരികയാണ്. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ നടത്തിയിട്ടുള്ള പരാമർശത്തെ സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്ങേക്ക് അറിയാമല്ലോ—5 കോടി രൂപ നീക്കിവച്ചു എന്നുള്ളതുമാത്രമല്ല, കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിൽപ്പെട്ട തൊഴിലാളികളേയും കർഷകത്തൊഴിലാളികളേയും വളരെയധികം സഹായിക്കുന്നതിന് യുക്തമായ രീതിയിൽ അതതു സന്ദർഭത്തിൽ നടപടി സ്വീകരിച്ച ഗവൺമെന്റായിരുന്നു അത്. കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ കൃത്യമായി പഞ്ചായത്തുകളിലേക്ക് കൊടുത്തിരുന്നു. അങ്ങേക്ക് അത് നിഷേധിക്കാൻ കഴിയില്ല. കർഷക തൊഴിലാളികളുടെ പെൻഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് എല്ലാവർഷവും ഓണത്തിനുമുമ്പ് കൊടുക്കണമെന്നു പറഞ്ഞുകൊണ്ട് അതിന്റെ വിഹിതം ഓരോ സ്ഥാപനങ്ങളിലേക്കും കൊടുത്തിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെ രേഖ അങ്ങ് എടുത്തു നോക്കണം. അവസാനം തെരഞ്ഞെടുപ്പ് നടക്കുന്ന സന്ദർഭത്തിൽ ഒരു മൂന്നുമാസത്തെ ഗഡു മാത്രമാണ് കൊടുക്കാതിരുന്നത്. പക്ഷേ ഈ ഗവൺമെന്റ് വന്നിട്ടോ ? കഴിഞ്ഞ രണ്ടുവർഷക്കാലത്തെ ഭരണത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

ഭരണംതന്നെ നടന്നിട്ടില്ല എന്നതിനെ സംബന്ധിച്ച് ഭരണപക്ഷത്തും പ്രതിപക്ഷത്തുമെല്ലാം ഒരേ അഭിപ്രായം തന്നെയാണ്, പലപ്പോഴും അതിവിടെ പറഞ്ഞിട്ടുമുണ്ട്. ആർക്കാണ് ഇവിടെ ഗുണം കിട്ടിയിട്ടുള്ളത് ? ഒരുപക്ഷേ ഒരുപിടി സമ്പന്നന്മാരായ ആളുകൾക്ക് അതിന്റെ ഗുണം കിട്ടിയിട്ടുണ്ടാകും. അദ്ധ്വാനിക്കുന്നവർക്ക് ഇതിന്റെ ഗുണം കിട്ടിയിട്ടില്ല. ഇപ്പോൾ കശുവണ്ടി മേഖലയായാലും കൈത്തറി മേഖലയായാലും മത്സ്യമായാലും ഖാദിയായാലും എല്ലാം ഗവൺമെന്റ് നിലപാട് തൊഴിലാളികൾക്കെതിരാണ്. ഖാദിമേഖലയുടെ അവസ്ഥ സംബന്ധിച്ച് അങ്ങയോട് ഞാൻ പറയേണ്ടല്ലോ, കാർഷികമേഖല നേരിടുന്നതുപോലെയുള്ള അങ്ങേയറ്റത്തെ പ്രതിസന്ധി തന്നെയാണ് ആ മേഖലയും നേരിടുന്നത്. കാർഷിക മേഖലയിൽ ലക്ഷോപലക്ഷംവരുന്ന ആളുകൾക്ക് മിനിമം കൂലിയും ലഭിക്കുന്നില്ല, ജോലിയും ലഭിക്കുന്നില്ല, അർദ്ധപട്ടിണിയും മുഴുപട്ടിണിയുമായി കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക്, കേരളംപോലുള്ള സംസ്ഥാനം എത്തിനിൽക്കുന്ന സാഹചര്യത്തിൽ അവരുടെ ക്ഷേമത്തെ സംബന്ധിച്ച് ആലോചിക്കുന്ന സന്ദർഭത്തിൽ നമ്മൾ ചെയ്യാൻ ബാധ്യതപ്പെട്ട കടമ, നാം എന്തു ചെയ്യണമോ ആ കർത്തവ്യത്തിൽ നിന്നും നമ്മൾ പിന്നോട്ടു പോവുകയാണ്. അതിന്റെ ഫലമെന്താണ് ? കേരളത്തിൽ കഴിഞ്ഞ എത്രയോ വർഷക്കാലത്തെ പരിശ്രമത്തിന്റെ ഫലമായി, നിരവധി സമരപോരാട്ടങ്ങളുടെ ഫലമായി നേടിയെടുത്തിട്ടുള്ള ആനുകൂല്യങ്ങളാണ് നഷ്ടപ്പെടുന്നത്. അത് നമുക്ക് അനുവദിക്കാൻ കഴിയില്ല. ഇത്തരം ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനും നഷ്ടപ്പെടുന്നതിനും ഏതെങ്കിലും ഗവൺമെന്റ് തയ്യാറാകുന്നത് ശരിയല്ല, അത് തിരുത്തി ഈ പാവപ്പെട്ട വിഭാഗത്തെ സഹായിക്കാനും അവരെ ആശ്വസിപ്പിക്കാനും ഉതകുന്ന നടപടികളുമായി അങ്ങ് മുന്നോട്ടു പോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ കർഷക തൊഴിലാളികളെ സംബന്ധിച്ച് പറയുന്ന സന്ദർഭത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള വിഹിതത്തെ സംബന്ധിച്ച് ഞാൻ പറഞ്ഞു. ഇപ്പോൾ കുറെ കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽനിന്നും തിരിച്ചു പിടിച്ചത് ഗവൺമെന്റിന്റെ കൈയിൽ, ബഡ്ജറ്റിൽപ്പെടാത്ത തുക ഉണ്ടല്ലോ. ഈ തുക ഉപയോഗിച്ച് എന്തുകൊണ്ട് പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ഇപ്പോൾ കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കുമെന്നു പറയാൻ അങ്ങേക്ക് കഴിയുന്നില്ല ? അങ്ങ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കണം, ഇപ്പോൾ പഞ്ചായത്തുകളിൽ നിന്നും കുറെ തുക പിടിച്ചെടുത്തിരിക്കുകയാണ്, നമുക്ക് എ.ഡി.ബി.-യിൽ നിന്നും പണം വീണ്ടും കിട്ടാൻ പോവുകയാണ്, അങ്ങനെ കിട്ടുന്ന പണത്തിൽനിന്നും ഒരു നല്ല വിഹിതം ഈ പാവപ്പെട്ട വിഭാഗത്തെ സഹായിക്കുന്നതിനുവേണ്ടി കൊടുക്കാൻ കഴിയുമോ ? അങ്ങനെ ചെയ്യാൻ കഴിഞ്ഞാൽ അത് ഏറ്റവും വലിയ കാര്യമാകുമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. എസ്. സുപാൽ : ടീച്ചർ, കർഷകത്തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. മന്ത്രിക്ക് ഇതു കേട്ട് എന്തു ചെയ്യാൻ കഴിയും എന്നുള്ള ആശങ്കയിൽ ഇരിക്കുകയാണ്. അദ്ദേഹത്തിന്റെ നേതാവായ പ്രൊഫ. എ. വി. താമരാക്ഷന്റെ നേതൃത്വത്തിൽ, പൊതുമേഖലാസ്ഥാപനങ്ങളേയും പരമ്പരാഗത വ്യവസായങ്ങളേയും സംബന്ധിച്ച് പഠിക്കാൻ, യു. ഡി. എഫ്.-ന്റെ തീരുമാനമനുസരിച്ച് ഒരു കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ച് പഠിച്ച് റിപ്പോർട്ടൊക്കെ കൊടുത്തു. പക്ഷേ അതുൾപ്പെടെ ചവറ്റുകുട്ടയിലാണ് അദ്ദേഹത്തിന്റെ പാർട്ടി സെക്രട്ടറിക്കുതന്നെ ഈ ഭരണത്തിൽ തൃപ്തിയില്ല. സെക്രട്ടറിക്ക് വലിയ അവഗണനയാണ്. ആ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സ്ഥിതി എന്താണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ശ്രീ. സുപാൽ പറഞ്ഞതു ശരിയാണ്. ഒരു ദിവസം ഞാൻ ടി. വി. ഓൺ ചെയ്തപ്പോൾ തന്നെ പ്രൊഫ. താമരാക്ഷന്റെ പ്രസ്സ് കോൺഫറൻസാണ് കണ്ടത്. എനിക്കു വളരെയധികം അത്ഭുതം തോന്നിപ്പോയി. ഒരു ഗവൺമെന്റിനെ നയിക്കുന്ന ഉത്തരവാദപ്പെട്ട ഒരു ഘടക കക്ഷിയുടെ നേതാവ് അതിൽ പ്രൊഫ. താമരാക്ഷൻ ഈ രണ്ട് വർഷത്തിനുള്ളിൽ കേരളത്തിനുവേണ്ടി, കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഒരു ചുക്കും ചെയ്യാൻ സാധിച്ചിട്ടില്ല എന്നുള്ള രീതിയിൽ പറയുന്നതു കേട്ടു. ടി. വി.യിൽ ഞാൻ കണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായവും മറിച്ചാകാൻ വഴിയില്ല. അങ്ങയുടെ നേതാവ് ഈ അഭിപ്രായം പറയുമ്പോൾ, അങ്ങയുടെ അഭിപ്രായവും ഇതു തന്നെയായിരിക്കുമല്ലോ. കേരളത്തിലെ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് 45 കോടി രൂപ അതിവർഷാനുകൂല്യം ഈ ക്ഷേമനിധിയിൽ നിന്നും കൊടുക്കാൻ ബാക്കിയുണ്ട് എന്നു പറയുകയും, അങ്ങുതന്ന ഉത്തരത്തിൽ ഇത് ഈ വർഷം കൊടുക്കാൻ കഴിയില്ലെന്ന് അങ്ങുതന്നെ പറയുകയും.........

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : കൊടുക്കാൻ കഴിയില്ല എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. കൊടുക്കാനുണ്ട്. ഫണ്ട് വളരെ പരിമിതമാണ്. കൊടുക്കാൻ ശ്രമിക്കാമെന്നാണ് ഞാൻ പറഞ്ഞത്. കൊടുക്കില്ല എന്നു ഞാൻ പറഞ്ഞിട്ടില്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : അങ്ങു പറഞ്ഞതുകൊണ്ടുമാത്രം ഞാൻ പറയുകയാണ്. അതിവർഷാനുകൂല്യമായി 45 കോടിയോളം രൂപ വിതരണം ചെയ്യാനുണ്ട്. അങ്ങയുടെ മറുപടിയിൽ പറഞ്ഞതാണ്. ഈ ഇനമൊഴിച്ച് മറ്റാനുകൂല്യങ്ങൾ കൊടുക്കാനാണ് ബോർഡ് തൽക്കാലം ആലോചിച്ചു കൊണ്ടിരിക്കുന്നത്. അങ്ങയുടെ മറുപടി പ്രകാരംതന്നെ വിവാഹം, ചികിത്സ, അതുപോലുള്ള കാര്യങ്ങൾക്കുതന്നെ ഏഴുകോടി രൂപ ബാക്കിയുണ്ട് എന്നുള്ള കാര്യം അങ്ങ് ഓർക്കുന്നുണ്ടോ ?

ശ്രീ. എം. വി. ജയരാജൻ : ടീച്ചർ ഇപ്പോൾ പറഞ്ഞത് കുടിശ്ശിക കൊടുക്കാനുള്ള തുകയെക്കുറിച്ചാണ്. അതല്ലാതെ കർഷകത്തൊഴിലാളികൾക്ക് കൊടുക്കാൻവേണ്ടി പഞ്ചായത്തുമുഖേന നമ്മുടെ പദ്ധതിയുടെ ഭാഗമായി കൊടുത്ത തുക തിരിച്ചു പിടിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി തുക കിട്ടാതെ പഞ്ചായത്തിൽ പോയ കർഷകത്തൊഴിലാളികൾ തിരിച്ചുവരികയാണ്.

ശ്രീ. ബാബു ദിവാകരൻ : പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ കഴിയാത്ത തുക തിരിച്ചുപിടിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ പണമൊന്നും തിരിച്ചുപിടിച്ചിട്ടില്ല. ആവശ്യമില്ലാത്ത കാര്യങ്ങൾ എന്തിനാണ് പറയുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ടീച്ചർ വളരെ നന്നായി ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യം കിട്ടാൻവേണ്ടി പോരാടുകയാണ്. ഈ സഭയും ചർച്ച ചെയ്യുന്നത് അതുകൊണ്ടാണല്ലോ. ഒരു വിശദീകരണത്തിനുവേണ്ടി ചോദിക്കുകയാണ്. അതിവർഷാനുകൂല്യം ഏതാണ്ട് 47 കോടിയോളം രൂപയാണ്. അതായത് 80133 പേർക്ക് ഇതിന്റെ ആനുകൂല്യം കിട്ടും. മരണാനന്തരസഹായം, എക്സ്ഗ്രേഷ്യാ 13,02,000 രൂപ, വിവാഹാനന്തരസഹായം, പെന്റിംഗുള്ളത് ഏഴ് കോടി രൂപ. അതായത് 36577 പേർക്ക് ഇതിന്റെ ആനുകൂല്യം കിട്ടും. പ്രസവാനന്തര ആനുകൂല്യം, പെന്റിംഗുള്ളത് 15,69,000 രൂപ, ചികിത്സാ സഹായം പെന്റിംഗ് ഉള്ളത് 17,49,000 രൂപ. അതിനും പുറമെയാണ് ഗവൺമെന്റിന്റെ വിഹിതമായി അടയ്ക്കാനുള്ള 47,84,39,000 രൂപ. പെൻഷൻ കുടിശ്ശിക 98,00,00,000 രൂപ ഇതെല്ലാം കൂടി വരുമ്പോൾ എത്ര കോടി രൂപ കർഷകത്തൊഴിലാളികൾക്കു സർക്കാർ കൊടുക്കേണ്ടതായിട്ടുണ്ട് എന്നുള്ളതിനെക്കുറിച്ച് ടീച്ചർക്ക് ഒന്നു വിശദീകരിക്കാമോ ?

ശ്രീ. ബാബു ദിവാകരൻ : ഞങ്ങളുടെ മാത്രം ഭരണം കൊണ്ടുണ്ടായതല്ല ഇത് എന്നു നിങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞ ഏഴെട്ടു വർഷം കൊണ്ടു അക്യൂമുലേറ്റ് ചെയ്തുവന്നതാണ്. അതുകൂടി നിങ്ങൾ ഓർക്കണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : എന്തായാലും ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടു വർഷമായിട്ടു കൊടുക്കുന്നില്ല എന്നുള്ളത് ഒരു സത്യമല്ലേ ?

ശ്രീ. കെ. സി. വേണുഗോപാൽ : ബഹുമാനപ്പെട്ട ടീച്ചർ നേരത്തേതന്നെ ഈ സഭയിൽ വരേണ്ട ആളാണ്. കഴിഞ്ഞ നിയമസഭയിൽ അപ്പുറത്തിരുന്നുകൊണ്ട് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാത്തതിനെക്കുറിച്ച് നിരന്തരം പറഞ്ഞു കൊണ്ടിരുന്നതാണ്. കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മാ വേതനവും അന്നൊക്കെ കുടിശ്ശികയായിരുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : എനിക്കു നല്ല ഓർമ്മയുണ്ട് കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റ് വന്നതിനുശേഷം ആദ്യത്തെ കാബിനറ്റ് ഡിസിഷൻ തന്നെ കുടിശ്ശിക കൊടുക്കാൻ വേണ്ടിയായിരുന്നു. 15 രൂപ കൂട്ടിക്കൊടുക്കാൻ ആയിരുന്നു അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചത്. കർഷകത്തൊഴിലാളികൾക്ക് 15 രൂപയുടെ പെൻഷൻ കൂട്ടിക്കൊടുക്കാനും അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചു. ഞാൻ ഈ സഭയിൽ ഇല്ലായിരുന്നെങ്കിൽപ്പോലും എനിക്ക് ആ തീരുമാനം നല്ല ഓർമ്മയുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ : എൽ. ഡി. എഫ്. ഭരണകാലത്ത്, യു. ഡി. എഫ്. വരുത്തിയിരുന്ന കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടിയാണ് ആദ്യം സ്വീകരിച്ചത് എന്ന് ടീച്ചർക്ക് അറിയാമല്ലോ. അതുപോലെ കർഷകത്തൊഴിലാളി പെൻഷൻ 50 രൂപ വർദ്ധിപ്പിച്ചു കൊടുക്കുകയും ചെയ്തു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : എനിക്ക് നല്ല ഓർമ്മയുണ്ട്. ആദ്യത്തെ ക്യാബിനറ്റ് ഡിസിഷൻതന്നെ റേഷൻ ഉടമകൾക്കുള്ള സബ്സിഡി 118 കോടി രൂപ കൊടുക്കുന്നതിനും കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ കുടിശ്ശിക കൊടുക്കുന്നതിനും അവർക്ക് പെൻഷൻ കൂട്ടിക്കൊടുക്കുന്നതിനും ഉള്ളതായിരുന്നു. അതൊന്നും യു.ഡി.എഫ്.-ൽ ഉള്ള ഒരു എം.എൽ.എ.യ്ക്കോ മന്ത്രിക്കോ

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കാനാവില്ല. കഴിഞ്ഞ 26 മാസമായിട്ട് ഈ സംസ്ഥാനത്തെ കർഷകത്തൊഴിലാളികൾക്ക് ഒരു നയാ പൈസയുടെ ആനുകൂല്യം ഈ ഗവൺമെന്റിൽ നിന്നും ലഭിക്കുന്നില്ല. ഞാൻ കഴിഞ്ഞ ദിവസം വില്ലേജ് ഓഫീസിൽ പോയപ്പോൾ കണ്ടത് 90 വയസ്സ് പ്രായമുള്ള സഹോദരിമാർ വരെ എല്ലു മുറിയെ പണിയെടുത്ത് അവസാനം വളഞ്ഞുകുത്തി ഇങ്ങനെ ഓഫീസിനുമുന്നിൽ കയറിയിറങ്ങി നിരാശരായി തിരിച്ചു പോകുന്നതാണ്. 'എന്റെ പെൻഷൻ എപ്പോഴാണ് ഒന്നു കിട്ടുക, ആരാണ് തരിക, ചാകുന്നതിനുമുമ്പ് കിട്ടുമോ' എന്നൊക്കെയാണ് അവർ ചോദിക്കുന്നത്. ഈ ദയനീയാവസ്ഥ കാണാൻ അങ്ങേക്ക് കഴിയണം. അങ്ങ് കണ്ണു തുറന്ന് നോക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം പെടുത്തി ഈ തുക കൊടുപ്പിക്കാൻ അങ്ങേക്ക് കഴിയണം. അല്ലെങ്കിൽപിന്നെ തൊഴിൽ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഈ സ്ഥാനത്ത് ഇരുന്നിട്ട് എന്തു പ്രയോജനമാണുള്ളത്. കർഷകത്തൊഴിലാളികളെപ്പോലെ കേരളത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പാവപ്പെട്ടവർക്ക് സഹായം ചെയ്യാൻ കഴിയുന്നില്ലെങ്കിൽ ഈ മന്ത്രിസ്ഥാനത്തിരുന്നിട്ട് എന്തു പ്രയോജനമാണുള്ളത്. ഒരു പ്രയോജനവും ഇല്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് നിയമഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്ക് പറയാനുള്ളത് നല്ല കാര്യം തന്നെയാണ് 2 രൂപ 5 രൂപയാക്കുക എന്നുള്ളത്. പക്ഷേ അത് കൃത്യമായി പിരിച്ചെടുക്കണം, ഭൂ ഉടമാവിഹിതം കൃത്യമായി പിരിച്ചെടുത്ത് ഇതിനോടൊന്നിച്ചു കൂട്ടാനും പിരിച്ചെടുത്ത തുക അതാത് സന്ദർഭത്തിൽ കൊടുക്കാനും ആ ആനുകൂല്യം കർഷകത്തൊഴിലാളികൾക്ക് നൽകാനും തീരുമാനമെടുത്തു നടപ്പിലാക്കണം. ഈ ഭേദഗതി നിയമം പാസ്സാക്കിക്കഴിഞ്ഞതിനുശേഷം അടിയന്തിരമായി ആശ്വാസ നടപടികൾ കൈക്കൊള്ളാൻ അങ്ങ് തയ്യാറാകണം എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ഈ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് സംസാരിക്കാനുള്ളത്. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

ശ്രീ. ജോണി നെല്ലൂർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2001-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ കർഷകത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും ഇതിനൊരു മാറ്റം ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയും കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി ബിൽ സ്വാഗതം ചെയ്യപ്പെടേണ്ട ഒന്നാണ്. ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഇക്കാര്യത്തെകുറിച്ച് സംസാരിക്കുമ്പോൾ ഇന്ന് കർഷകത്തൊഴിലാളി മേഖലയിൽ ഉണ്ടായിരിക്കുന്ന അസ്വസ്ഥതകൾ, ആ വിഭാഗത്തിൽപ്പെട്ട ആളുകൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ എന്നിവയൊക്കെ വളരെ ഗൗരവത്തിൽ കണക്കിലെടുക്കേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം. കർഷകത്തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ഈ സംസ്ഥാനത്ത് ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. ആ ക്ഷേമനിധിയുടെ പരിധിയിൽവരുന്ന കർഷകത്തൊഴിലാളികളുടെ എണ്ണം പരിശോധിച്ചാൽ ഏതാണ്ട് 18 ലക്ഷത്തോളം ആളുകൾ ഇപ്പോൾത്തന്നെയുണ്ട് എന്ന് കാണാം. യഥാർത്ഥത്തിൽ കേരളത്തിലെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ? ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ലഭിക്കുവാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

അതിൽ അംഗങ്ങളായിട്ടുള്ള 18 ലക്ഷത്തിലധികം വരുന്ന കർഷകത്തൊഴിലാളികൾ ഇപ്പോൾ ഉണ്ട്. എന്നാൽ കാർഷികമേഖലയിൽ തൊഴിലാളികളെ ജോലിക്ക് കിട്ടാനില്ലാത്ത സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്. കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്ന ഒരു കാലഘട്ടമാണിത്. ഞാൻ അതിനു കൃഷിക്കാരെ കുറ്റം പറയുന്നില്ല. നെൽക്കൃഷി പാടെ നഷ്ടത്തിലായപ്പോൾ, ആ കൃഷിയുമായി ബന്ധപ്പെട്ട് മുന്നോട്ടു പോകുവാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം കാർഷിക മേഖലയിൽ ഉണ്ടായപ്പോൾ സ്വാഭാവികമായും ഇവർ നെൽക്കൃഷി ഉപേക്ഷിച്ചു. ഇവിടെ കൃഷിപ്പണിക്കു തൊഴിലാളികളെ കിട്ടാത്ത സ്ഥിതിയാണ്. ആനുകൂല്യങ്ങൾ നേടിയെടുക്കാൻവേണ്ടി കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി തൊഴിലാളികൾ വരുന്നുണ്ട്. എന്നാൽ അവർ തൊഴിലെടുക്കുവാൻ തയ്യാറായി മുന്നോട്ടുവരാത്ത ഒരു സ്ഥിതി നമുക്കു കാണുവാൻ കഴിയും. കുട്ടനാട്, പാലക്കാട് പോലെയുള്ള പ്രദേശങ്ങളിലൊക്കെ കൃഷിപ്പണിക്ക് ആളെ കിട്ടാത്ത സ്ഥിതിയാണ്. നാം ഇത് ഗൗരവമായി പരിശോധിക്കേണ്ട ഒരു കാര്യമാണ്. അവിടെ ഞാറു നടാനോ കൊയ്യാനോ ആളെ കിട്ടാനില്ല. ഈ സ്ഥിതിക്ക് എങ്ങനെ പരിഹാരമുണ്ടാക്കാൻ സാധിക്കും ? കുട്ടനാടൻ മേഖലയിൽപ്പോലും കർഷക തൊഴിലാളികളെ പണിക്കു കിട്ടാനില്ല. അവിടെ പണിയെടുക്കാൻ ആളെ കിട്ടാത്തതുകൊണ്ട് കൃഷിക്കാർ പൊതുവേ കാർഷിക രംഗത്തു നിന്നും പുറകോട്ടു വലിയുന്ന ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. കർഷകത്തൊഴിലാളികളെ കിട്ടാനില്ലെന്ന് ഞാൻ പറഞ്ഞത് ഇതിന്റെ ഒരു മറുവശമാണ്. കൃഷി ലാഭമല്ലാത്തതു കൊണ്ട് കൃഷിക്കാർ കൃഷിപ്പണി ഉപേക്ഷിക്കുന്നു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ള ഒരു കാര്യം ഈ ഭേദഗതികളൊക്കെ അവതരിപ്പിച്ച് പദ്ധതികൾ ഉഷാറാക്കി മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുന്നതോടൊപ്പം ഈ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യഥാർത്ഥ കർഷകത്തൊഴിലാളികൾ എത്രയുണ്ടെന്നുള്ളതിന്റെ ഒരു പരിശോധന നടത്തണം എന്നാണ്. അതിന് എന്തെങ്കിലുമൊരു സംവിധാനം നമ്മുടെ സംസ്ഥാനത്തുണ്ടോ ?

ശ്രീ. പി. സി. ജോർജ് : ഈ ക്ഷേമനിധിയിൽ കൃഷിക്കാരന്റെ വിഹിതം ഒന്നിച്ച് പിടിക്കുകയാണ്. കൃഷിക്കാരിൽ നിന്നും വിഹിതം യഥാസമയങ്ങളിൽ പിരിക്കുന്നതിന് ഞങ്ങളൊന്നും എതിരല്ല. പക്ഷെ വർഷങ്ങളായി പിരിക്കാതിരുന്നിട്ട് ഇപ്പോൾ ഒന്നിച്ച് പിരിക്കാൻ ചെല്ലുകയാണ്. ഇപ്പോൾ കൃഷിക്കാർ വില്ലേജ് ഓഫീസുകളിലും സബ് രജിസ്ട്രാർ ഓഫീസുകളിലും ചെന്നാൽ യാതൊരു കാര്യങ്ങളും നടക്കുന്നില്ല, ഇത്രരൂപ കുടിശ്ശികയുണ്ട് ; അത് അടയ്ക്കുവാനാണ് പറയുന്നത്. അപ്പോൾ അതിനൊരു മാനദണ്ഡമുണ്ടാകണ്ടേ ?

ശ്രീ. ബാബു ദിവാകരൻ : കർഷകരും കർഷക സംഘടനകളും ചേർന്ന് ഇതിനെതിരായി കോടതികളിൽ പല നിയമനടപടികളും സ്വീകരിച്ച ആ ഘട്ടങ്ങളിൽ ഇത് പിരിക്കാൻ കഴിഞ്ഞിട്ടില്ല. അതാണ് ഇപ്പോൾ ഒരുമിച്ച് പിരിക്കേണ്ടിവരുന്നത്.

ശ്രീ. പി. സി. ജോർജ് : ഇപ്പോൾ ഒരു കൃഷിക്കാരൻ ആയിരം രൂപ അടയ്ക്കാനുണ്ടെങ്കിൽ 10 ഗഡുക്കളായി പിരിക്കാൻ ഒരു നിയമമുണ്ടാക്കിയാൽ ആ പ്രശ്നം തീരുമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : അതിന് ബുദ്ധിമുട്ടില്ല. അടയ്ക്കാനുള്ള തുക ഗഡുക്കളായി അടയ്ക്കാൻ അനുവാദം കൊടുക്കാം.

ശ്രീ ജോണി നെല്ലൂർ : ബഹുമാന്യനായ പി. സി. ജോർജ് പറഞ്ഞ വിഷയത്തിലോട്ട് ഞാൻ വരുകയായിരുന്നു, അപ്പോൾ അദ്ദേഹം കയറിപ്പറഞ്ഞതാണ്. ഇത് വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ്. കൃഷിക്കാർക്കൊക്കെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. അങ്ങേയ്ക്കും ഇത് അറിയാം. അങ്ങ് മറുപടി പറഞ്ഞപ്പോൾ അത് പറഞ്ഞു. ഇത് ഗൗരവതരമായ ഒരു കാര്യമാണെന്നു പറയുവാൻ കാരണം ഇവർ കരമടയ്ക്കുവാൻ വില്ലേജാഫീസിൽ ചെന്നാൽ കരം വാങ്ങുന്നില്ല. വസ്തുവിന്റെ കരമടയ്ക്കുവാൻ ചെന്നാൽ പറയും ഇത്ര തുക കുടിശ്ശികയുണ്ട് അതടച്ചാലേ കരമടയ്ക്കുവാൻ പറ്റുകയുള്ളു എന്നുപറഞ്ഞ് ആ തുക വാങ്ങുകയില്ല എന്ന നിലപാടെടുക്കുന്ന ഒരു സാഹചര്യമുണ്ട്. അത് വലിയ ബുദ്ധിമുട്ടുകളുണ്ടാക്കുന്നു, കൃഷിക്കാർക്ക് ബുദ്ധിമുട്ട് മാത്രമല്ല, വില്ലേജാഫീസുകളിൽ വരുമാനവും കുറയുന്നു. കരമടയ്ക്കാൻ തയ്യാറായി ചെന്നാലും വാങ്ങാത്ത ഒരു സ്ഥിതിയുണ്ട് അത് ഗൗരവതരമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള യഥാർത്ഥ കർഷകത്തൊഴിലാളികൾ എത്രപേരുണ്ടെന്ന് ഒരു പരിശോധന നടത്തണ്ടേ ? ഞാൻ അതിനകത്ത് രാഷ്ട്രീയം കാണുന്നില്ല. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും കർഷകത്തൊഴിലാളി വിഭാഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട്, രാഷ്ട്രീയവൽക്കരിച്ചുകൊണ്ട് ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കാൻവേണ്ടി മൽസരിച്ചുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ആ പ്രവർത്തനങ്ങളുടെ ഫലമായി അനേകം ആളുകൾ ഇതിനകത്ത് അനാവശ്യമായി കടന്നുകൂടിയിട്ടില്ലേ എന്ന് ഞാൻ സംശയിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഇത് കണ്ടുപിടിക്കാനുള്ള ഒരു മാർഗ്ഗം വേണ്ടേ ? ഓരോ വർഷവും കർഷക തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്നതിനാനുപാതികമായി കർഷക തൊഴിലാളികൾക്ക് പണി കിട്ടാത്ത ഒരു സാഹചര്യവുമുണ്ട്.

ശ്രീ. എം. വി. ജയരാജൻ : അങ്ങ് പറഞ്ഞ സാഹചര്യം നേരത്തെയുണ്ടായിരുന്നു, പക്ഷെ ഇപ്പോൾ ഇല്ല. ഇന്ന് ക്ഷേമനിധി ആനുകൂല്യം ഏറ്റവും മോശം കർഷകത്തൊഴിലാളി ക്ഷേമനിധിയുടേതാണ്. മറ്റ് ക്ഷേമനിധികളെല്ലാം അട്രാക്റ്റീവാണ്. ഇപ്പോഴുണ്ടാകുന്ന പ്രശ്നം ഈ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്ന കർഷകത്തൊഴിലാളികളുടെ എണ്ണം കുറയുകയാണ് എന്നതാണ് ; തൊഴിലാളികളെ കിട്ടുന്നില്ല എന്നുള്ളതാണ് കാർഷികമേഖലയിൽ നിലനിൽക്കുന്ന ആഗോളവൽക്കരണത്തിന്റെ പ്രതിസന്ധി കർഷകത്തൊഴിലാളികൾകൂടി നേരിടുന്നു എന്നുള്ള കാര്യം ഗൗരവതരമായി കാണുന്നുണ്ടോ ? കർഷകത്തൊഴിലാളികളെ ഒരുമിച്ച് കൊണ്ടുപോകാൻ അങ്ങേക്ക് കഴിയണ്ടേ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : കർഷകത്തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, അവർക്ക് കിട്ടേണ്ടുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ എണ്ണം പെരുപ്പിച്ചതാണ് എന്നുള്ള ധാരണയിലേക്ക് പോകരുത്. കർഷകത്തൊഴിലാളി സംഘടനകളൊക്കെ ഇതിൽ കൂടുതൽ അംഗങ്ങളെ ചേർക്കാനാണ് ശ്രമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ എന്നിട്ടും കൂടുതൽ തൊഴിലാളികൾ ചേരാതിരിയ്ക്കുന്നത്, മറ്റ് ക്ഷേമനിധി ബോർഡുകളിലുള്ളതുപോലുള്ള ആനുകൂല്യം ഇതിൽ ഇല്ല എന്നതിനാലാണ്. മാത്രവുമല്ല ഇതിൽ കോടിക്കണക്കിന് രൂപയുടെ ആനുകൂല്യങ്ങൾ പെന്റിംഗും ആണ്. അതുകൊണ്ട് തൊഴിലാളികൾ ഇതിൽ ചേരാൻ താല്പര്യമെടുക്കുന്നില്ല. അല്ലാതെ പെരുപ്പിച്ച് കാണിക്കുന്ന ഒരു കണക്കാണെന്നുള്ള ധാരണയിലേയ്ക്ക് പോകരുത്.

ശ്രീ. ജോണി നെല്ലൂർ : ഞാൻ പറഞ്ഞത് തെറ്റിദ്ധരിച്ചുകൊണ്ട് ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞതാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ കാര്യം മാത്രമല്ല. നമ്മുടെ സംസ്ഥാനത്ത് നിരവധി ക്ഷേമനിധികളുണ്ട്. അതിലെല്ലാം തന്നെ അംഗങ്ങളായിട്ടുള്ള ആളുകളെല്ലാം യഥാർത്ഥത്തിൽ ഈ മേഖലയിൽപ്പെട്ട തൊഴിലാളികൾ തന്നെയാണോ എന്നു പരിശോധിക്കേണ്ട സന്ദർഭമാണ്. സർക്കാർ പണം സ്വരൂപിച്ച് ആനുകൂല്യങ്ങൾ കൊടുക്കുമ്പോൾ അത് അർഹതപ്പെട്ട ആളുകൾക്കുതന്നെ കിട്ടണം. അതാണ് എന്റെ പക്ഷം. അതുദ്ദേശിച്ച് പറഞ്ഞപ്പോൾ കർഷകത്തൊഴിലാളി ക്ഷേമനിധിയിലും അങ്ങനെ പെട്ടുപോയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കണമെന്നേ പറഞ്ഞുള്ളു. അല്ലാതെ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള കർഷകത്തൊഴിലാളികളെ ആക്ഷേപിക്കാൻവേണ്ടി പറഞ്ഞതല്ല.

മി. ഡെ. സ്പീക്കർ : ശ്രീ. ജോണി നെല്ലൂർ ദുരുദ്ദേശത്തോടുകൂടി പറഞ്ഞതല്ല. ഇപ്പോൾ സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള പെൻഷന്റെ കാര്യംതന്നെ എടുക്കാം. അതിന് എന്നെപ്പോലുള്ളവരും അപേക്ഷിയ്ക്കും, സ്വാതന്ത്ര്യ സമരകാലത്ത് ജനിക്കാത്തവരും അപേക്ഷിയ്ക്കും. ശ്രീ. ജോണി നെല്ലൂർ പറഞ്ഞത് യഥാർത്ഥ കർഷകത്തൊഴിലാളിക്ക് കിട്ടേണ്ടത് അവർക്ക് കൊടുത്തേ പറ്റൂ എന്നാണ്.

ശ്രീ. ജോണി നെല്ലൂർ : അങ്ങ് പറഞ്ഞ ആശയമാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : അങ്ങ് പറഞ്ഞപ്പോൾ ക്ളിയറായി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സ്വാതന്ത്ര്യ സമരം നടക്കുമ്പോൾ, അന്ന് രണ്ട് വയസ്സുണ്ടായിരുന്ന ആളുകളും സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നുണ്ട്.

മി. ഡെ. സ്പീക്കർ : ഞാൻ അതല്ലേ പറഞ്ഞത്, എനിക്കറിയാം മൺവെട്ടി എടുക്കാത്തവനും പാടത്തിറങ്ങാത്ത ഭൂസ്വാമികൾ പോലും കർഷകത്തൊഴിലാളി പെൻഷന് അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. ജോണി നെല്ലൂർ : ഞാൻ അതുതന്നെയാണ് പറഞ്ഞുവന്നത് അങ്ങനെയൊക്കെയുള്ളകാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. ഒരു നല്ല ഉദ്ദേശത്തോടുകൂടി പറഞ്ഞതാണ്. തൊഴിലില്ലായ്മ വേതനത്തിന്റെ കാര്യം തന്നെയെടുക്കാം. ഗൾഫിൽ ജോലി ചെയ്യുന്ന ആളുകൾപോലും തൊഴിലില്ലായ്മാ വേതനം വാങ്ങുന്നുണ്ട്. ബഹുമാന്യനായ മന്ത്രിക്കും അറിയാം. നിരവധി സ്ഥലങ്ങളിൽ ജോലിചെയ്യുന്ന ധാരാളം ആളുകൾ തൊഴിലില്ലായ്മാ വേതനം വാങ്ങുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : ബഹുമാനപ്പെട്ട ചെയർ സ്വാതന്ത്ര്യസമര പെൻഷന്റെ കാര്യത്തെക്കുറിച്ചാണല്ലോ പറഞ്ഞത് ആ പെൻഷന്റെ കാര്യമല്ല. നമ്മുടെ സംസ്ഥാനത്ത് നൽകുന്ന എല്ലാ പെൻഷനുകളിലും അർഹതയില്ലാത്ത ധാരാളം ആളുകൾ ലിസ്റ്റിലുണ്ട്. ഇതിലെല്ലാം ലേബർ വകുപ്പ് ഇടപെട്ട് ഒരു പൂർണ്ണ ലിസ്റ്റ് തയ്യാറാക്കുകയും യഥാർത്ഥത്തിൽ പെൻഷനർഹരായവരെ കണ്ടുപിടിക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ജോണി നെല്ലൂർ : ബഹുമാനപ്പെട്ട തമ്പാനൂർ രവി പറഞ്ഞതുതന്നെയാണ് ഞാൻ പറഞ്ഞുവരുന്നത്. അത് അത്യാവശ്യമാണ് പുതിയ പുതിയ ക്ഷേമനിധികളും ക്ഷേമനിധി ബോർഡുകളും വരുന്നു, ഇതിനെയൊക്കെ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും ഈ അപാകത പരിഹരിച്ചില്ലെങ്കിൽ നമ്മുടെ പണമൊക്കെ അർഹതപ്പെടാത്ത ആളുകൾ വാങ്ങിക്കൊണ്ടുപോകുന്ന ഒരു സ്ഥിതിയുണ്ടാകും. അതൊന്ന് പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്തെ കർഷകത്തൊഴിലാളികളുടെ സ്ഥിതിയെക്കുറിച്ച് ആലോചിക്കുമ്പോൾ ആ കർഷകത്തൊഴിലാളികളുടെ മക്കളുടെ സ്ഥിതി എന്താണ് ? അവർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവരാൻ കഴിയുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : അങ്ങ് ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചല്ലേ ചോദിക്കുന്നത് ? ഇവർക്ക് പ്രൈമറി വിദ്യാഭ്യാസം പോലും ചെയ്യാൻ സാധിക്കാത്ത ഒരവസ്ഥയാണുള്ളതെന്ന് അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. ജോണി നെല്ലൂർ : പ്രൈമറി വിദ്യാഭ്യാസം കുറെയൊക്കെ കിട്ടുന്നുണ്ട്. പക്ഷെ ഉന്നത വിദ്യാഭ്യാസ മേഖല പരിശോധിച്ചാൽ കർഷകത്തൊഴിലാളികളുടെ മക്കളാരും കടന്നുവരുന്നില്ല എന്നു കാണാം. കർഷകത്തൊഴിലാളികളുടെ മക്കൾ കർഷകത്തൊഴിലാളികളായി മാത്രം ജീവിക്കാൻ പറ്റുന്ന ഒരു സാഹചര്യമാണോ ഇന്ന് കേരളത്തിലുള്ളത് ? നമുക്ക് അതിനൊരു മാറ്റം വരുത്തണ്ടേ ? കർഷക തൊഴിലാളികളായിപ്പോയാൽ അവരുടെ മക്കൾ എന്നും കർഷകത്തൊഴിലാളികൾ ആയിരിക്കണം എന്നുള്ള സ്ഥിതിക്ക് ഒരു മാറ്റമുണ്ടാകണം. നമ്മൾ സമൂഹത്തിന്റെ മൊത്തത്തിലുള്ള മാറ്റങ്ങൾക്കുവേണ്ടി പരിശ്രമിക്കുന്ന ഈ കാലയളവിൽ ഈ കാര്യത്തെക്കുറിച്ച് ഗൗരവതരമായി ആലോചിക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയെടുത്ത് പരിശോധിച്ചാൽ കർഷകത്തൊഴിലാളികളുടെ മക്കൾ അങ്ങോട്ട് കടന്നുവരുന്നില്ല എന്നു കാണാം. ആ സ്ഥിതിക്കൊരു മാറ്റമുണ്ടാകണം. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും ഫലമായി സാധാരണക്കാരായ ആളുകളും കർഷകത്തൊഴിലാളികളും വളരെ കഷ്ടപ്പെടുകയാണ് നമ്മൾ അത് ഗൗരവമായി കാണണം. ഇവിടെ തൊഴിലാളികൾക്ക് പണി കുറഞ്ഞുവരുന്നുയെന്ന് പറയുമ്പോൾ ഈ കർഷകത്തൊഴിലാളികൾ പണിയെടുക്കാൻ വരാത്ത സാഹചര്യമെന്താണെന്നോ ? കോൺട്രാക്റ്റ് മേഖലയിലേയ്ക്ക് ഈ തൊഴിലാളികൾ പോകുകയാണ് കെട്ടിട നിർമ്മാണ മേഖലയിലേയ്ക്ക് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഈ തൊഴിലാളികൾ പോകുന്നു. സത്യത്തിൽ ഇതൊരു താല്ക്കാലികമായ ജോലിയല്ലേ ? അത് ആരും മനസ്സിലാക്കുന്നില്ല. ഒരു കെട്ടിടത്തിന്റെ പണി കേവലം അഞ്ചോ ആറോ മാസം കാണും. ആ പണിക്ക് അല്പം മെച്ചപ്പെട്ട വേതനം കിട്ടും. അതിന്റെ ഫലം അഞ്ചോ ആറോ മാസം കഴിയുമ്പോൾ അവസാനിയ്ക്കും, പിന്നെ പണി ഇല്ലാതാകും. അങ്ങനെയുള്ള ദുരവസ്ഥയ്ക്കൊക്കെ പരിഹാരം കാണേണ്ടതിനെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സംസാരിക്കുമ്പോൾ കാർഷിക മേഖലയിൽ തൊഴിൽ ചെയ്യാൻ സന്നദ്ധമാകാത്ത കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ആഗോളവത്ക്കരണ നയത്തിന്റെ ഫലമായി കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിയെത്തുടർന്ന് കൃഷിക്കാർ പഴയതുപോലെ ഭൂമിയിൽ പണിയെടുപ്പിക്കുന്നില്ല. ഇത് കാർഷിക മേഖലയിലെ തൊഴിലില്ലായ്മയ്ക്ക് കാരണമല്ലേ ; ഇത്തരം സാഹചര്യം പരിഗണിച്ചുകൊണ്ട് കർഷകതൊഴിലാളികൾക്ക് കൂടുതൽ സംരക്ഷണം നൽകാൻ ആവശ്യമായ നടപടിയല്ലേ ഗവൺമെന്റ് സ്വീകരിക്കേണ്ടത് ; അതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ് ?

ശ്രീ. എം. വി. ജയരാജൻ : ആഗോളവത്കരണ നയത്തിന്റെ ഫലമായി 'ഉണ്ണി പിറന്നാലും ഓണം വന്നാലും കോരനു കഞ്ഞി കുമ്പിളിൽത്തന്നെ'യെന്ന പഴയ അവസ്ഥയാണ് ഇന്ന് കേരളത്തിൽ ഉണ്ടാകുന്നത് എന്ന കാര്യം അങ്ങ് അംഗീകരിക്കുമല്ലോ ?

ശ്രീ. ജോണി നെല്ലൂർ : ബഹുമാന്യനായ മെമ്പർ ടി. പി. രാമകൃഷ്ണൻ പറഞ്ഞ കാര്യം പരിശോധിക്കേണ്ടതാണ്. പക്ഷേ അത് പരിശോധിക്കുമ്പോൾ കൃഷിക്കാരുടെ അവസ്ഥകൂടി ആലോചിക്കണം. കർഷകരേയും കർഷക തൊഴിലാളികളേയും ഒരു നാണയത്തിന്റെ ഇരു വശങ്ങളായിട്ടു മാത്രമേ എന്നെപ്പോലെയുള്ള ഒരാൾക്ക് കാണാൻ കഴിയുകയുള്ളൂ. ഞാൻ ഒരു കർഷകന്റെ മകനാണ്. കൃഷിക്കാരുമായി വളരെ ബന്ധമുള്ള ആളാണ്. കർഷകരുടെ നില മെച്ചപ്പെട്ടാൽ കർഷക തൊഴിലാളികളുടെ നിലയും മെച്ചപ്പെടും. ഇന്ന് കാർഷിക മേഖല തകർന്നു കിടക്കുകയല്ലേ ? ചില നടപടികളിലൂടെ അല്പം ആശ്വാസം കിട്ടിയിട്ടുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. കാലാകാലങ്ങളായി മാറിമാറി വരുന്ന കേന്ദ്ര സംസ്ഥാന-ഗവൺമെന്റുകളുടെ കാര്യം പരിശോധിച്ചാൽ കൃഷിക്കാർക്ക് എന്നും കണ്ണുനീർ മാത്രമേയുള്ളൂവെന്ന് കാണാൻ കഴിയും.

ശ്രീ. ഷിബു ബേബി ജോൺ : ഇവിടെ ആഗോളവത്ക്കരണവും ഉദാരവത്ക്കരണവുമൊക്കെ കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട് എന്നുള്ള സത്യം നമ്മുടെ മുമ്പിൽ നിലനിൽക്കുന്നുണ്ട്. കേരളത്തിലെ കൃഷി തകർച്ച നേരിടുന്നതിന്റെ പ്രധാന കാരണം നമ്മുടെ അദ്ധ്വാനശീലം നഷ്ടപ്പെട്ടതാണ്. തമിഴ്നാട്ടിലാണെങ്കിൽ കുടുംബത്തിന്റെ മൊത്തം അദ്ധ്വാനം അതിലുണ്ട്. ഇവിടെ യാതൊരു ജോലിയും ഇല്ലാത്തവരും കൃഷിയിൽ ഏർപ്പെടാതെ കർഷക തൊഴിലാളികളെ മാത്രം ആശ്രയിക്കുന്നതുകൊണ്ടാണ് കേരളത്തിൽ കൃഷി തകർച്ച നേരിടുന്നത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. ജോണി നെല്ലൂർ : ബഹുമാനപ്പെട്ട ഷിബു പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്.

ശ്രീ പി. സി. ജോർജ്: ഇത് അഭിമാനത്തിന്റെ പ്രശ്നമാണ്. കൊല്ലത്ത് ബഹുമാനപ്പെട്ട ഷിബുവിന്റെ നാട്ടിൽ അങ്ങനെയാണ്. എന്റെ നാട്ടിൽ കൃഷിക്കാർ കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരാണ് ; അതിൽ അഭിമാനം കാണുന്നവരാണ്. വിദ്യാഭ്യാസം ഉള്ളവരും ജോലി ചെയ്യുന്നവരാണ്. അത് മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട പി. സി. ജോർജ് തൂമ്പ എടുത്തിട്ടുണ്ടോ ?

ശ്രീ. പി. സി. ജോർജ് : ഞാൻ തൂമ്പ എടുത്തിട്ടുണ്ട്. സമയം കിട്ടിയാൽ തൂമ്പ എടുക്കും. കാർഷിക മേഖലയിൽ മഹത്വം കാണുന്നവരാണ് ഞങ്ങൾ കൃഷിക്കാർ. ഞാനും ഒരു കൃഷിക്കാരന്റെ മകനാണ് ; ഒരു സംശയവും വേണ്ട.

ശ്രീ. ഷിബു ബേബി ജോൺ : ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞത് നൂറു ശതമാനം ശരിയാണ്. പല തരത്തിലുള്ള കൃഷികളുണ്ട്. ഞാൻ പറഞ്ഞത് പൊതുവിൽ കേരളത്തിലുള്ള നെൽകൃഷിയടക്കമുള്ള കൃഷിയെ സംബന്ധിച്ചാണ്.

ശ്രീ. ജോണി നെല്ലൂർ : ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ച ഇവിടെ നടക്കുമ്പോൾ യഥാർത്ഥത്തിൽ കേരളത്തിലെ കാർഷിക മേഖല പൊതുവേ എടുത്ത് ചർച്ച ചെയ്യേണ്ടത് ആവശ്യമാണ്. അതിന്റെ പ്രതിഫലനമാണ് ഇവിടെ കാണുന്നത്. യഥാർത്ഥത്തിൽ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അങ്ങനെ പരിഹരിക്കാൻ കഴിയാത്തതുകൊണ്ടാണ് കർഷക തൊഴിലാളികളുടെ മേഖലയിലേയ്ക്കും ബുദ്ധിമുട്ട് കടന്നു വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ചർച്ചയിൽ ഇടപെട്ടുകൊണ്ട്, ബഹുമാനപ്പെട്ട പി. സി. ജോർജ് കൃഷിപ്പണി ചെയ്തിട്ടുണ്ടോയെന്ന് ചോദിക്കുകയുണ്ടായി. നമ്മൾ അംഗങ്ങളായിട്ടുള്ളവർ ഒരുപക്ഷേ കൃഷിപ്പണി ചെയ്തുവെന്ന് വരില്ല. എല്ലാപേർക്കും കൃഷിപ്പണി ചെയ്യാൻ കഴിഞ്ഞുവെന്ന് വരില്ല. ഞാൻ ഒരു കാലത്ത് പിതാവിനോടൊപ്പം പിക്കാസും തൂമ്പയും എടുക്കുകയും കുത്തുകയും കിളയ്ക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. ഇപ്പോൾ സമയമില്ലാത്തതുകൊണ്ട് ചെയ്യുന്നില്ല. ഞാൻ അനുഭവത്തിന്റെ വെളിച്ചത്തിലാണ് പറയുന്നത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ബഹുമാനപ്പെട്ട പി.സി. ജോർജ് കൃഷിപ്പണിയെപ്പറ്റി സൂചിപ്പിച്ചു. ശ്രീ. ജോണി നെല്ലൂർ തൂമ്പയും പിക്കാക്സുമെടുത്തുകൊണ്ടുള്ള യഥാർത്ഥ കൃഷിയെപ്പറ്റി സൂചിപ്പിച്ചു. ബഹുമാനപ്പെട്ട പി. സി. ജോർജ് പാരയെടുത്തുകൊണ്ടുള്ള കൃഷിയാണ് ചെയ്യുന്നത് എന്നുള്ള കാര്യം അറിയാമോ ?

ശ്രീ. ജോണി നെല്ലൂർ : പരസ്പരം പാര പണിയുന്ന ഏർപ്പാടിനോട് എനിക്ക് യോജിപ്പില്ല. പാര പണിയുന്ന ഏർപ്പാട് എനിക്കില്ല.

ശ്രീ. പി. സി. ജോർജ് : പാര പണിയുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ജോണി നെല്ലൂർ ഒരു കാര്യം പറഞ്ഞാൽ മതി. നമ്മൾ കേരളാ കോൺഗ്രസ്സ് ഒത്തിരിയുണ്ടല്ലോ. അതിന്റെ പേരിലാണ് പുതുശ്ശേരി പറഞ്ഞത്. ഞാനാണോ ബഹുമാനപ്പെട്ട പുതുശ്ശേരിയുടെ നേതാവാണോ പാര പണിയാൻ മിടുക്കനെന്ന് പറഞ്ഞിട്ട് ബഹുമാനപ്പെട്ട ജോണി നെല്ലൂർ പ്രസംഗം തുടരണം.

ശ്രീ. ടി. കെ. ദേവകുമാർ : നമ്മളിൽ കൃഷിപ്പണി ചെയ്യുന്നവർ വളരെ കുറവാണെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. കുറെയേറെ കിളച്ചിട്ടുള്ള നല്ലൊരു കൃഷിക്കാരൻ അങ്ങയുടെ മുമ്പിൽ ഇരിക്കുകയാണ്. അദ്ദേഹത്തിന്റെ മുമ്പിൽ വച്ച് ഇങ്ങനെ പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : ഞങ്ങളുടെ നാട്ടിൽ ധാരാളം കൃഷികൾ ഉണ്ട്. എല്ലാ കൃഷിയും ഞാൻ ചെയ്യാറുമുണ്ട്. ഇപ്പോഴും കൃഷിക്കാരനാണ്. സാധാരണ കർഷകന്റെ മകൻ ചെയ്യേണ്ട എല്ലാ കൃഷികളും ഞാൻ ചെയ്യുന്നുണ്ട്. അത് മോശമാണെന്ന് ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. ജോണി നെല്ലൂർ : ഇവിടെ കർഷക തൊഴിലാളികളുടെ ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ കർഷക തൊഴിലാളികൾ ഉപയോഗിക്കുന്ന ആയുധങ്ങളായ തൂമ്പയും പിക്കാക്സുമൊക്കെ കടന്നുവരുന്നത് സ്വാഭാവികമാണ്. അരിവാളും കടന്നുവരാം. എന്നാൽ പാര എങ്ങനെ വരുമെന്ന് എനിക്കറിയില്ല.

ശ്രീ. റോഷി അഗസ്റ്റിൻ : പാരയും വരാറുണ്ട്. നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം തേങ്ങ പൊതിക്കണമല്ലോ. അവസാനത്തെ പാര പണിതത് ആരാണെന്ന് ബഹുമാനപ്പെട്ട പി.സി. ജോർജിന് അറിയാം. അത് ആ പാർട്ടിയുടെ നേതാവിനോട് ചോദിച്ചാൽ മതി.

ശ്രീ. ജോണി നെല്ലൂർ : ഏതൊക്കെ വിധത്തിലുള്ള പാരയാണ് നമുക്ക് സ്വീകരിക്കാവുന്നത് എന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ചിലരൊക്കെ ജനിക്കുമ്പോൾ തന്നെ പാരയായിട്ട് ജനിക്കുന്നവരുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് പലരേയും കണ്ടാൽ അറിയാമല്ലോ.

ശ്രീ. ജോണി നെല്ലൂർ : എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്ന ഓൾഡ് ഏജ് പെൻഷൻ പദ്ധതിയുണ്ട്. 60 വയസ്സിനു മുകളിലുള്ള കർഷക തൊഴിലാളികളെ ഉദ്ദേശിച്ചുകൊണ്ടുള്ളതും മാസം 60 രൂപ വച്ച് കൊടുക്കുന്നതുമായ ആ പദ്ധതി കേരളത്തിലേക്കുകൂടി വ്യാപിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കണം എന്നാണ്. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ 40 കോടി രൂപ കുടിശ്ശിക കൊടുക്കാനുള്ളതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കർഷക തൊഴിലാളികളുടേതടക്കമുള്ള പെൻഷനുകൾ പാവപ്പെട്ടവർക്ക് കൊടുക്കാനുള്ളതാണ്. എന്ത് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെങ്കിലും പണം കണ്ടെത്തി ഇതുപോലുള്ള മേഖലകളിൽ കൊടുക്കണം. ക്ഷേമനിധികളെന്നു പറയുന്നത് ഒരു വിഭാഗത്തെ രക്ഷിക്കാൻ വേണ്ടിയാണ്. റവന്യൂ കമ്മി വർദ്ധിച്ചതിനു പിന്നിൽ കടബാദ്ധ്യതകളും കുടിശ്ശികകൾ കൊടുത്തു തീർത്തതുമാണ് മുഖ്യമായ കാരണമെന്ന് ഇന്നലെ ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. അത് ശരിയാണ് ; ഞാൻ അംഗീകരിക്കുന്നു. കാലാകാലങ്ങളായി നമ്മുടെ കേരളത്തിന്റെ ചരിത്രം പരിശോധിച്ചു നോക്കിയാൽ ക്ഷേമനിധിപോലുള്ള കാര്യങ്ങളിൽ കുടിശ്ശിക വരികയാണ്. അത് ഇല്ലാതാക്കുന്ന ഒരു സാഹചര്യം നമുക്ക് ഉണ്ടാകണം. വിധവാ പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങി ഏത് പെൻഷനാണെങ്കിലും ശരി അതിന് മുന്തിയ പരിഗണന കൊടുക്കണം. എന്ത് സാമ്പത്തിക ബുദ്ധിമുട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായാലും ഇതിനൊന്നും അത് ബാധകമാകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ രണ്ടു കാര്യങ്ങൾ ഒരിക്കൽക്കൂടി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒന്ന്, കൃഷിക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ ഒരുമിച്ച് നികുതികൾ അടയ്ക്കണമെന്നുള്ള ഏർപ്പാട് അവസാനിപ്പിക്കണം. അതിൽനിന്നും കൃഷിക്കാരെ മോചിപ്പിച്ചില്ലെങ്കിൽ ആ മേഖല ഇനിയും തകരും. അത് തകരാതിരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം. രണ്ട്, കർഷക തൊഴിലാളി ക്ഷേമനിധിയടക്കം എല്ലാ ക്ഷേമനിധിയിലും യഥാർത്ഥ അംഗങ്ങളാണോ ഇതിന്റെ ആനുകൂല്യം പറ്റുന്നതെന്ന ഒരു പരിശോധന തൊഴിൽ വകുപ്പ് മുൻകൈയെടുത്ത് നടത്തണം. ഈ രണ്ടു കാര്യങ്ങളേയും സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ പറയണം.

ശ്രീ. കെ. പി. രാജേന്ദ്രൻ : ബഹുമാനപ്പെട്ട ജോണി നെല്ലൂർ പറഞ്ഞത് നല്ലൊരു സജഷനാണ്. കർഷക തൊഴിലാളികളെപ്പോലെ കുറെ പാവപ്പെട്ട തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ കുടിശ്ശിക വരികയാണ്. ബഡ്ജറ്റ് പ്രകാരം പ്രഖ്യാപിക്കുന്ന സംഖ്യ കൊടുക്കാതിരിക്കുകയാണ്. ഈവക കാര്യങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. ക്ഷേമനിധിയിൽനിന്ന് പെൻഷൻ ഉൾപ്പെടെ കൊടുക്കേണ്ട ആനുകൂല്യങ്ങളുംകൂടി കൂട്ടിയാൽ 235 കോടി രൂപ കർഷക തൊഴിലാളികളുടെ ഇനത്തിൽ മാത്രം ഗവൺമെന്റ് കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഓണത്തിനു മുമ്പ് കൊടുക്കാം, ഇപ്പോൾ പ്രഖ്യാപിക്കാൻ പോകുന്നുവെന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറയും. അതെല്ലാം 'കുറുപ്പിന്റെ ഉറപ്പുപോലെ'യെന്ന് നാട്ടിൽ ഒരു ചൊല്ലുണ്ട്. ഇപ്പോൾ നാട്ടിൽ പറയുന്നത് 'ശങ്കരന്റെ ഉറപ്പ്' എന്നാണ്. 'ശ്രീ. ശങ്കരനാരായണന്റെ ഉറപ്പ്' അതുപോലുള്ള ഉറപ്പ് ആകരുത്.

ശ്രീ. ജോണി നെല്ലൂർ : ബഹുമാനപ്പെട്ട രാജേന്ദ്രൻ പറഞ്ഞത് നല്ലൊരു ആശയമാണ്. ബഹുമാനപ്പെട്ട രാജേന്ദ്രന്റെ പാർട്ടി അധികാരത്തിൽ ഉണ്ടായിരുന്നപ്പോഴും ഇതിലൊരു മാറ്റവും ഉണ്ടായിട്ടില്ല. അന്ന് ഒരു മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിച്ചതാണ്.

ശ്രീ. പി. ടി. തോമസ് : കർഷക തൊഴിലാളികൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ ഉടൻ കൊടുക്കണമെന്നും കൃഷിക്കാരെ ഒരു കാരണവശാലും ബുദ്ധിമുട്ടിക്കാൻ പാടില്ലായെന്നുമൊക്കെ കൃഷിക്കാരുടെ ഭാഗത്തുനിന്നുകൂടി നന്നായി വാദിക്കുകയാണ്. കഴിഞ്ഞ പത്തിരുപത് കൊല്ലങ്ങളായി നാദാപുരം നിയോജക മണ്ഡലത്തിൽ നാദാപുരത്തിനും മേപ്പയൂരിനുമടുത്തുള്ള അതിർത്തി ഗ്രാമത്തിൽ വിനീത ആർ. കോട്ടായി എന്ന ഒരു സ്ത്രീയെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയുടെ കർഷക തൊഴിലാളി സംഘടന പറമ്പിൽ പണിയെടുക്കാൻ സമ്മതിക്കാതെ ക്രൂശിക്കുന്ന സംഭവം അടുത്ത കാലത്ത് പ്രധാനപ്പെട്ട ഒരു പത്രം റിപ്പോർട്ട് ചെയ്തിരുന്നു. അത്തരം കാര്യങ്ങൾ അവസാനിപ്പിക്കാൻ നടപടികൾ വേണ്ടേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞതു പോലുള്ള കാര്യങ്ങൾ ഈ കേരളത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ല. ആ പത്രവാർത്ത വായിച്ചപ്പോൾ അങ്ങേയറ്റം വേദനയുണ്ടായി. അങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടായാൽ അത് നേരിടുന്നതിനും പരിഹാരം കാണുന്നതിനും വഴി കണ്ടെത്തണം. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യങ്ങൾകൂടി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ ബിൽ കുറ്റമറ്റതാക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ബഹുമാനപ്പെട്ട അംഗങ്ങൾ കർഷകത്തൊഴിലാളികളെ സംബന്ധിച്ച് ഇവിടെ ഉയർത്തിയ പ്രശ്നങ്ങൾ എല്ലാവരും സമ്മതിക്കുന്ന കാര്യങ്ങളാണ്. അവർക്ക് അർഹമായ ആനുകൂല്യങ്ങൾ യഥാസമയത്ത് ലഭ്യമാക്കുക എന്നുള്ളതാണ്. ഈ ബോർഡിന്റെ രൂപീകരണം മുതൽ തന്നെ സാമ്പത്തിക പ്രയാസങ്ങൾ വളരെ ശക്തമായി ഇതിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. ഈ ക്ഷേമനിധിയിലേക്ക് കൊടുക്കേണ്ടതായിട്ടുള്ളത്, തൊഴിലാളികളിൽനിന്നും രണ്ടു രൂപയും ഭൂഉടമകളിൽ നിന്നും രണ്ട് ഹെക്ടർ വരെയുള്ളവർക്ക് 10 രൂപ വീതവും അതിന് മുകളിൽ ഒരോ ഹെക്ടറിനും 5 രൂപ വച്ചും പിരിച്ചെടുക്കണം. അങ്ങനെയാണ് ക്ഷേമനിധിയായി കണക്കാക്കിയത്. അതുതന്നെ ആദ്യമേ നടന്നില്ല. വളരെ വർഷം ഭൂഉടമകൾ പണം നൽകാതിരുന്നു. അവർ കോടതിൽ പോയി പല കേസുകളും നടത്തി. കഴിഞ്ഞ വർഷമാണ് അവർ സഹകരിക്കാൻ തുടങ്ങിയത്. ആ കാലഘട്ടത്തിൽ തന്നെ ആനുകൂല്യമെല്ലാം കൊടുക്കേണ്ടിവന്നു. ആദ്യം മുതലേ ആ ക്ഷേമനിധിയുടെ പ്രവർത്തനങ്ങളിൽ വന്ന പാളിച്ച അതാണ്. മാത്രമല്ല, ഈ ക്ഷേമനിധി ബോർഡുകളെല്ലാം വിഭാവന ചെയ്തിട്ടുള്ളത് കിട്ടുന്ന വിഹിതം, തൊഴിലാളികളുടേതായാലും തൊഴിലുടമയുടേതായാലും അത് സമാഹരിച്ച് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത് അതിൽനിന്നും കിട്ടുന്ന പലിശകൊണ്ടാണ് ആനുകൂല്യമെല്ലാം വിതരണം ചെയ്യേണ്ടത്. അതുപോലെയാണ് എല്ലാ ക്ഷേമനിധി ബോർഡുകളും ചെയ്യേണ്ടത്. പക്ഷേ നിർഭാഗ്യവശാൽ ഈ ബോർഡിന് ആദ്യമേ തന്നെ ഒരു നിധി രൂപീകരിക്കാൻ കഴിഞ്ഞില്ല. അവർക്ക് നിധിയിൽനിന്നുള്ള പലിശ ലഭിക്കാത്തതുകൊണ്ടാണ് കുടിശ്ശിക വന്നത്. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്, നിധിയിൽ നിന്നുതന്നെ ഈ ആനുകൂല്യം വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ക്ഷേമനിധിയെ സംബന്ധിച്ചിടത്തോളം ഇങ്ങനെ നിധി എന്നുള്ള നിലയിൽ പ്രവർത്തിക്കാൻ കഴിയാതെ പോയിട്ടുണ്ട്. അതുകൊണ്ടാണ് ഈ കുടിശ്ശിക ഇത്രയും കൂടുതൽ വന്നതും കൊടുക്കാൻ കഴിയാത്തതും. ഇതിനെക്കുറിച്ച് ഗൗരവമായിട്ട് ആലോചിക്കേണ്ടതായിട്ടുണ്ട്. ഇവിടെ രണ്ടു വർഷം കൊണ്ട് നിധി ഉണ്ടായതല്ല. ഈ രണ്ടു വർഷം കൊണ്ടാണെങ്കിൽ നമ്മുടെ ബഡ്ജറ്റ് വിഹിതം ഏറ്റവും കൂടുതൽ കൊടുത്തിട്ടുള്ളത് കഴിഞ്ഞ വർഷമാണ്. കർഷക തൊഴിലാളികൾക്ക് ആകെ പെൻഷനും എല്ലാം കൂടി കൊടുക്കുന്നതിനുവേണ്ടി 37.26 കോടി രൂപയാണ് 2002-2003 വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചത്. കൊടുത്തത് 57.71 കോടി രൂപയാണ്. 20 കോടി രൂപ അധികമായി കൊടുത്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 16 മാസത്തെ കുടിശ്ശിക ഉണ്ടായിരുന്നു. ഇപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

16 മാസത്തെ കുടിശ്ശികയുണ്ട്. ഞങ്ങൾ കറണ്ടായിട്ട് കൊടുക്കുന്നതുകൊണ്ടാണ് കുടിശ്ശിക അങ്ങനെ നിൽക്കുന്നത്. ഇതിന് മാറ്റം വരുത്താൻ ഈ വർഷത്തെ ബഡ്ജറ്റിൽ പെൻഷൻ കുടിശ്ശികകൾ തീർക്കുന്നതിനുവേണ്ടി 150 കോടി രൂപ പ്രത്യേകമായി വക കൊള്ളിച്ചിട്ടുണ്ട്. ഇന്നലെയാണ് നമ്മുടെ ബഡ്ജറ്റ് പൂർണ്ണമായി പാസ്സായത്. പൈസ കിട്ടുന്ന മുറയ്ക്ക് ഓണത്തിന് മുൻപായി കുറേ പെൻഷൻ കൊടുത്തു തീർക്കാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ ഞാൻ ജില്ലാ കളക്ടറുമായി ചേർന്ന് ഒരു യോഗം വിളിച്ചുകൂട്ടി. കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ ഇതുവരെ ആരും താൽപ്പര്യം എടുത്തിട്ടില്ലായിരുന്നു.

ശ്രീ. പി. സി. ജോർജ് : തൊഴിലാളികളുടെ വിഹിതം കൊടുത്തേ മതിയാകൂ. അതിന് തർക്കം വേണ്ട. ഒരു സത്യം ഉണ്ട് കാർഷിക മേഖല ആകെ തകർന്നിരിക്കുകയാണ് അത് എല്ലാവരും സമ്മതിച്ച കാര്യമാണ്. ഗവൺമെന്റിന്റെ കുറ്റം കൊണ്ടോ അതോ ക്ഷേമനിധിയുടെ അടിസ്ഥാനത്തിലോ ആണ് പിരിക്കാൻ കഴിയാതെ വന്നിരിക്കുന്നത് കടം കയറി കൃഷിക്കാർ ആത്മഹത്യ ചെയ്യുകയാണ്. അതുകൊണ്ട് ഇതൊന്ന് റൈറ്റ് ഓഫ് ചെയ്യാനുള്ള നടപടിയുണ്ടാകണം.

ശ്രീ. ബാബു ദിവാകരൻ : ഇന്ന് കേരളത്തിൽ ഏറ്റവും സമ്പന്നരായി നിൽക്കുന്നത് റബ്ബർ കർഷകരാണ്. ഇന്നിപ്പോൾ റബ്ബറിന് നല്ല വില

11.00 A.M.] കിട്ടിക്കൊണ്ടിരിക്കുന്നു. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ സംതൃപ്തമായ ഒരു കാലഘട്ടമാണ്. ഒരു റബ്ബർ മരത്തിൽ നിന്ന് ഒരു ദിവസം ഒരു രൂപ ഒരു തൊഴിലാളിക്കുവേണ്ടി നീക്കി വയ്ക്കുന്നതിന് എന്താണ് പ്രയാസം ? കളക്ടർമാരുടെ കോൺഫറൻസിൽ കർഷക തൊഴിലാളികളുടെ വിഹിതം പിരിച്ചെടുക്കുന്നതിന് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബുദ്ധിമുട്ടുള്ള കർഷകരുടെ കാര്യത്തിൽ, അവരിൽനിന്ന് നാലോ അഞ്ചോ തവണകളായി പിരിച്ചെടുക്കുന്നതിനോ ഒന്നോ രണ്ടോ വർഷം കൊണ്ട് പിരിച്ചെടുക്കുന്നതിനോ ഉള്ള സാവകാശം നൽകാനുള്ള അധികാരം വില്ലേജ് ഓഫീസർമാർക്ക് കൊടുത്തിട്ടുണ്ട്. എങ്കിലും പിരിച്ചെടുക്കുന്നതിനുള്ള ശ്രമം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഫലമായി 1999-2000-ൽ 54,00,000 രൂപ പിരിച്ചു. 2001-2002-ൽ 65,00,000 രൂപ പിരിച്ചു. 2002-2003-ൽ അത് 90,00,000 ആയി വർദ്ധിച്ചു. ഈ വർഷം അതിനേക്കാൾ കൂടുതൽ പിരിച്ചെടുത്തുകൊണ്ട് ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രമിക്കുകയാണ്. പെൻഷൻ അടക്കമുള്ള കാര്യത്തിൽ 150 കോടി രൂപ നീക്കിവച്ചതിൽനിന്നും അർഹമായ വിഹിതം കർഷക തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ട്. പിന്നെ അതിവർഷ ആനുകൂല്യം 40,00,00,000 രൂപ. അതാണ് പ്രധാനമായിട്ടുള്ളത്. ബാക്കിയെല്ലാം കറണ്ടാണ്. ഞാൻ വന്നതിനുശേഷം എന്റെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞ ആറു മാസത്തിനു മുൻപ് കർഷക തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിന്റെ യോഗം ചേർന്ന് മണിക്കൂറുകളോളം വളരെ വിശദമായി ചർച്ച ചെയ്തു. ഈ ഓണത്തിനുമുൻപായി ഇതുവരെയുള്ള കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാൻ തീരുമാനിച്ചു. അതിവർഷാനുകൂല്യം 40 കോടി രൂപ കൊടുക്കാനുണ്ട്. കുടിശ്ശിക തീർക്കണമെന്ന് പറഞ്ഞാൽ നടക്കില്ല. ബാക്കിയെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

തീർക്കണം. ഇക്കാര്യം ബോർഡുമായി ചർച്ച ചെയ്തു. കർഷക തൊഴിലാളി മേഖലയിലെ സംഘടനാ നേതാക്കളുമായി ചർച്ച നടത്തിയതിന്റെ ഫലമായിട്ട് അവർ സമ്മതിച്ചതിനുശേഷമാണ് 5 രൂപ വർദ്ധനവ് തന്നെ വരുത്തിയത്. കർഷകരുടെ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം ആദ്യം ഇൻട്രോഡ്യൂസ് ചെയ്തപ്പോൾതന്നെ അവർ ശക്തമായി എതിർത്തിട്ടുണ്ട്. ഇത്രയും നാളായിട്ട് അത് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. കൃത്യമായിട്ടുള്ളത് പരമാവധി പിരിച്ചെടുത്താൽ നല്ല ഒരു തുക പിരിച്ചെടുക്കാൻ കഴിയും. സർ, അതിവർഷ ആനുകൂല്യം എന്താണെന്ന് മനസ്സിലാക്കിയിട്ടുവേണം അതിനെക്കുറിച്ച് പറയാൻ. ഇത് നിധിയില്ലാത്ത ക്ഷേമനിധിയാണ്. ആനുകൂല്യങ്ങൾ കൊടുക്കുന്നത്. എപ്പോഴും നിധിയുടെ പശ്ചാത്തലത്തിലാണ്. എത്രത്തോളം നമ്മുടെ കൈയിൽ പണമുണ്ട് അത് കണക്കാക്കിയാണ് ആനുകൂല്യങ്ങൾ കൊടുക്കുന്നത്, അല്ലെങ്കിൽ അതിന് കഴിയില്ല. ഈ അതിവർഷ ആനുകൂല്യമെന്ന് പറയുന്ന ആനുകൂല്യം 2 വർഷത്തേക്കെങ്കിലും ബോർഡിൽ അംഗമായിരുന്നവർക്ക് 55 വയസ്സിൽ പിരിയുമ്പോൾ 5,000 രൂപ കൊടുക്കണമെന്നാണ്. 1999-2000-ൽ 2 ലക്ഷം പേരാണ് ഈ ആനുകൂല്യം നേടുന്നതിനായി വന്നത്. 53-ഉം 52-ഉം വയസ്സുള്ള ഒരു ലക്ഷം പേർ ഇതിൽ വരികയാണ്. അവർ ഈ നിധിയിൽ ഒരു വർഷം അടയ്ക്കുന്നത് 24-ഉം 24-ഉം 48 രൂപയാണ്. ഈ രൂപ അടയ്ക്കുമ്പോൾ 5,000 രൂപ ഫണ്ടിൽനിന്ന് അവർക്ക് കൊടുക്കും. തൊഴിലുടമയുടെ വിഹിതം കിട്ടുന്നില്ല. ഇത് പൂർണ്ണമായും സർക്കാർ കൊടുക്കേണ്ട ഒരു ആനുകൂല്യമായി മാറി. അതുകൊണ്ടാണ് ഈ അതിവർഷ ആനുകൂല്യം ഇത്രയും കുടിശ്ശികയായി വന്നത്. അത് ഞാൻ ബോർഡിന്റെ ആളുകളുമായി സംസാരിച്ചപ്പോൾ, ബോർഡിന്റെ മുൻ ചെയർമാൻ ഇവിടെയുണ്ട്, അവരുടെയൊക്കെ ശ്രദ്ധയിലുണ്ട്. കണാരേട്ടൻ തുടങ്ങിയ മുതിർന്ന നേതാക്കന്മാരെല്ലാം ഉണ്ടായിരുന്നു. ഈ ആനുകൂല്യം ഇപ്പോൾ കൊടുക്കാൻ പോയാൽ ഈ ക്ഷേമനിധി ബോർഡ് ഒരിഞ്ചുപോലും മുന്നോട്ട് പോകില്ല. 40 കോടി രൂപ ക്ഷേമനിധി ബോർഡിന്റെ കൈയിലുണ്ടായിരുന്നെങ്കിൽ മിച്ചമുള്ളത് 7 കോടി രൂപ മാത്രമാണ്. സർക്കാർ ഓരോ വർഷവും പെൻഷനുവേണ്ടി തുക ചെലവഴിക്കുന്നുണ്ട്, കഴിഞ്ഞ വർഷം 20 കോടി രൂപയാണ് അധികം കൊടുത്തത്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചപ്പോൾ, 5 കോടി രൂപ കഴിഞ്ഞ ഗവണ്മെന്റ് നീക്കിവച്ചിരുന്നു എന്നു പറഞ്ഞു. ശ്രീ. രാധാകൃഷ്ണൻ അടക്കമുള്ളവർ തീരുമാനിച്ചതാണ് അത്. 5 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചതായി പറഞ്ഞു. ഒരു കോടി രൂപയേ കൊടുത്തുള്ളു. ഈ ഗവണ്മെന്റ് വന്നതിനുശേഷം 3 കോടി രൂപ കൊടുക്കുകയാണ്. അതുകൊണ്ടാണ് ഇപ്പോൾ ഈ ആനുകൂല്യം വിതരണം ചെയ്യുന്നത്. തീർച്ചയായിട്ടും ഫണ്ടിന്റെ പ്രശ്നം ബോർഡിനെ സംബന്ധിച്ചിടത്തോളം സ്ഥായിയായിട്ട് നിലനിൽക്കുന്നു. അതിന് പരിഹാരം കാണാതെ ബോർഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു നിയമം, ഇതിന്റെ സൂപ്പറാനുവേഷൻ സമയത്ത്, ഇതിൽ അംഗങ്ങളായി ചേർന്നവർ, 2 വർഷവും 3 വർഷവും എന്ന് പറഞ്ഞു. ഇവർ പിരിഞ്ഞ് പോകുമ്പോൾ 5,000 രൂപ സൂപ്പറാനുവേഷനായി കൊടുക്കണം. പ്രോവിഡന്റ് ഫണ്ടും ഗ്രാറ്റുവിറ്റിയും ഇല്ലാത്ത തൊഴിലാളികൾക്ക് അത് കവർ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത് വരുന്നത്. അതൊഴിവാക്കാൻ നമുക്ക് നിയമപരമായി കഴിയില്ല. അതുകൊണ്ട് ഗവൺമെന്റ് അതിലേക്ക് ഈ സംഖ്യ കണക്കാക്കി ഫണ്ട് നീക്കി വയ്ക്കാതെ അതിന് പ്രത്യേകിച്ച് ഗവണ്മെന്റിന്റെ ഒരു വിഹിതം ഇല്ലാത്ത ഒരു ക്ഷേമനിധിയാണ്. ഉടമയുടേത് പിരിച്ച് തരുന്നതേയുള്ളു. ഗവണ്മെന്റ് അതിലേക്ക് ഒരു സംഖ്യ നീക്കിവച്ച്, അവസാനത്തെ കണക്ക് 80133 പേരുണ്ട്. സൂപ്പറാനുവേഷനായിട്ട് ഈ ആനുകൂല്യം കിട്ടാൻ, ആ സംഖ്യ, 40 കോടി രൂപ കൊടുക്കാൻ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അടുത്തുനിന്നും ആ സംഖ്യ വാങ്ങി കൊടുക്കുകയല്ലാതെ വേറെ ഒരു തരത്തിലുള്ള വഴിയും നമ്മുടെ മുമ്പിലില്ല.

ശ്രീ. എം. വി. ജയരാജൻ : സർ, പഞ്ചായത്തുകളിൽനിന്നും ഇപ്പോൾ 852 കോടി രൂപ തിരിച്ച് പിടിക്കുന്നതിൽ, കർഷകത്തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ തുകയുടെ പണമില്ലെന്ന് അങ്ങ് പറഞ്ഞു. അങ്ങ് പരിശോധിക്കണം. ഞാൻ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു പരാതി കൊടുത്തിട്ട് വരികയാണ്. മുഴുപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിന്, 32,28,656 രൂപ അവരുടെ വിഹിതം നഷ്ടമാവുകയുണ്ടായി. അതിൽ കർഷകത്തൊഴിലാളികൾക്ക് പെൻഷനായിട്ട് കൊടുക്കാൻ വേണ്ടി വകയിരുത്തിയ തുകയുമുണ്ട് അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ രണ്ടര ലക്ഷം രൂപ, കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുത്തുകൊണ്ടിരുന്ന സമയത്താണ്, ഈ ജൂൺ 30-നകം നിങ്ങൾ കൊടുക്കുന്നില്ലെങ്കിൽ പിടിക്കുമെന്ന് പറഞ്ഞ് പുതിയ ഉത്തരവ് വന്നത്. രണ്ടര ലക്ഷം രൂപ ആ ഇനത്തിൽ നഷ്ടമായിരിക്കുകയാണ്. അഞ്ചരക്കണ്ടി പഞ്ചായത്തിന് സർക്കാരിന്റെ ബെസ്റ്റ് പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടതിനുകിട്ടിയ 5 ലക്ഷം രൂപയുടെ അവാർഡും ഇപ്പോൾ പിടിച്ചെടുത്ത പൈസയിൽപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ വകയിരുത്തിയ തുകയും തിരിച്ചുപിടിക്കുന്ന തുകയിൽ വരുന്നുണ്ട്. അതൊഴിവാക്കാൻ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി കാബിനറ്റിൽ തീരുമാനമെടുപ്പിക്കാനാവശ്യമായ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, ആ പഞ്ചായത്തിന്റെ പേരിൽ നടപടി എടുക്കേണ്ടതാണ്. മാർച്ച് 31-ന് മുമ്പ് കൊടുത്തുതീർക്കേണ്ട പെൻഷൻ ഇതുവരെ കൊടുത്തുതീർത്തില്ല എന്ന് പറഞ്ഞാൽ, ബാക്കി എല്ലാ പഞ്ചായത്തുകളിലും കൊടുത്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ബോധപൂർവ്വം ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. നിരവധി പഞ്ചായത്തുകൾക്ക് ട്രഷറിയിൽ പോയിട്ട് ചെക്ക് മാറിക്കൊടുക്കുന്നില്ല. അതിന്റെ ഭാഗമായിട്ടാണ് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ കഴിയാതെപോയത്. തൂണേരി പഞ്ചായത്തിന്റെ കാര്യം ചെക്ക് സഹിതം ഇവിടെ ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ ഹാജരാക്കി. ബഹുമാനപ്പെട്ട മന്ത്രി പൊട്ടൻ പുട്ട് വിഴുങ്ങിയതുപോലെയാണ്. യഥാർത്ഥത്തിൽ ട്രഷറിയിൽനിന്ന് മാറിക്കൊടുക്കാത്തതിന്റെ ഫലമായിട്ടാണ് കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കിട്ടാതെ വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. ഭൂരിപക്ഷം പഞ്ചായത്തുകളും 90 ശതമാനം പഞ്ചായത്തുകളും ഇത് കൊടുത്തു. ചില പഞ്ചായത്തുകൾ കൃത്യസമയത്ത് നടപടി എടുത്തില്ല. അവർക്കിഷ്ടമുള്ളപ്പോൾ ട്രഷറിയിൽ ചെല്ലുമ്പോൾ ബാൻ ഉണ്ടാകും. 90 ശതമാനം പഞ്ചായത്തുകളും ഇത് കൊടുത്തു എന്ന വസ്തുത നിലനിൽക്കുന്നു. ട്രഷറി ബാൻ നിലനിൽക്കുമ്പോൾ ഏതെങ്കിലും പഞ്ചായത്ത്, അവരുടേതായ കുറ്റബോധവും, മറ്റ് കാരണങ്ങളും കൊണ്ട് കൊടുത്തില്ല. എങ്കിൽ ഇത് അപൂർവ്വം കേസാണ് ; ജനറൽ കേസല്ല. കഴിഞ്ഞവർഷം 57 കോടിരൂപ പെൻഷനായി വിതരണം ചെയ്തതിന്റെ കണക്കാണ് ഞാൻ ഇവിടെ വായിച്ചത്. എന്തിനിത് തിരിച്ചു പിടിച്ചു ? കഴിഞ്ഞ മാർച്ച് 31-നകം ചെലവഴിക്കേണ്ടിയിരുന്ന പ്ലാൻ ഫണ്ടാണ് കൊടുത്തത്. 31-ാം തീയതി അവസാന ദിവസങ്ങളിൽ കൊടുത്തു, അല്ലെങ്കിൽ ബാനുണ്ടായിരുന്നു. അതുകൊണ്ട് ചെലവഴിക്കാൻ പറ്റിയില്ല. മാർച്ച് കഴിഞ്ഞ്, ഏപ്രിൽ, മേയ്, ജൂൺ, മൂന്ന് മാസത്തിനകം ഈ തുക ചെലവഴിക്കണം. സാധാരണ മാർച്ച് 31-നകം ചെലവഴിക്കേണ്ട തുക മൂന്നു മാസം കഴിഞ്ഞിട്ടും ചെലവഴിക്കാത്തതിനെ കുറിച്ചാണ് ഇപ്പോൾ പ്രശ്നം. മൂന്നു മാസത്തിനകം ചെലവഴിച്ചില്ലെങ്കിൽ ഈ തുകയെല്ലാം തിരിച്ചുപിടിക്കുമെന്ന് എല്ലാ പഞ്ചായത്തുകൾക്കും നോട്ടീസുകൊടുത്തിട്ടുണ്ട്. നിങ്ങൾ മാർച്ച് 31, എന്ന് പറയുന്നത് സാമ്പത്തികവർഷത്തെ സംഖ്യയല്ലേ ? അങ്ങനെയാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്, ഗവൺമെന്റ് പ്രവർത്തിക്കേണ്ടത് ? മാർച്ച് 31-നകം ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ച തുക റിലീസ് ചെയ്താൽ അത് എപ്പോൾ ചെലവഴിക്കണമെന്ന് ഞങ്ങൾ തീരുമാനിക്കുമെന്നല്ലേ അതിന്റെ അർത്ഥം ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, 25,000 രൂപയ്ക്ക് മേലെയുള്ള വർക്കുകൾ ടെണ്ടർ ചെയ്യണമെന്നാണ് ഗവണ്മെന്റിന്റെ പുതിയ ഉത്തരവ്. വർക്ക് ടെണ്ടർ ചെയ്യുമ്പോൾ നിലവിലുള്ള മാന്വലും കോഡും അനുസരിച്ച് അതിന്റെ നടപടിക്രമങ്ങൾ പാലിച്ചേ പറ്റൂ. അതനുസരിച്ച് ചിലപ്പോൾ എബൌ ആകും, റീ ടെണ്ടർ വേണ്ടിവരും, അങ്ങനെ നടപടികൾ നീണ്ടുപോകും. നിങ്ങൾ കൊടുക്കുന്ന ചെക്കുമായി ട്രഷറിയിൽ. ചെല്ലുമ്പോൾ ട്രഷറിയിൽ നിന്നു മാറ്റി കൊടുക്കേണ്ടേ ? അത് ട്രഷറിയിൽ മാറ്റി കൊടുക്കുന്നില്ല. ഈ വിധത്തിൽ പഞ്ചായത്തുകൾ എത്ര ശുഷ്കാന്തി കാണിച്ചാലും 15-20 ശതമാനത്തിൽ കൂടുതൽ ചെയ്യാൻ കഴിയില്ല.

ശ്രീ. ബാബു ദിവാകരൻ : സർ, അക്കൗണ്ടിംഗ് ഇയറിന്റെ പീരിഡ് സംബന്ധിച്ച് പുനരാലോചന വേണ്ടിവരും. ഇത് കൊടുത്താൽ ചെലവഴിക്കേണ്ടിവരും. അതിനെക്കുറിച്ചുതന്നെ ഇത്ര നാളിനുള്ളിൽ തീരുമാനിക്കണമെന്നല്ലാതെ, നിലവിലിരിക്കുന്ന സംവിധാനം ഇതാണല്ലോ. പി.ഡബ്ലിയു.ഡി.-യിൽ മാർച്ച് 31-നകം ചെലവഴിക്കേണ്ട തുക എങ്ങനെയാണ് ചെലവഴിക്കുന്നത് ? അവിടെ നടപടിക്രമങ്ങളെല്ലാം നടത്തിയാണല്ലോ ഡിപ്പാർട്ടുമെന്റ് വർക്ക് നടത്തേണ്ടത്. അതിനനുസൃതമായി പഞ്ചായത്തുകളായാലും മറ്റ് ലോക്കൽ ബോഡീസായാലും ആ നടപടിക്രമങ്ങൾ നടത്തണമെന്നാണ് ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. അല്ലാതെ പിടിച്ചെടുത്ത് ഗവണ്മെന്റിന് വേറെ ചെലവഴിക്കാനല്ല. ഇന്നലെ ആരോ പറഞ്ഞതുപോലെ ഇതിന് 'വെള്ളിയാഴ്ചയും വ്യവസ്ഥയുമൊക്കെ' വേണ്ടേ ?

LIBRARY ARCHIVES Kerala Legislative Assembly

ടി.പി. അക്കൗണ്ടിൽ ഇട്ടിരിക്കുന്ന 1999-2000 വർഷത്തെ പണം ഇപ്പോഴും ചെലവഴിച്ചിട്ടില്ല. അതിനെക്കുറിച്ച് ശ്രീ. കെ. പി. രാജേന്ദ്രൻ എന്താണ് പറഞ്ഞത്; അത് ശരിയാണോ ? മൂന്നു വർഷം കഴിഞ്ഞിട്ടും ഈ പണം ചെലവഴിച്ചിട്ടില്ല. ടി.പി. അക്കൗണ്ടിൽ പണം നിക്ഷേപിച്ചിരിക്കുന്നു. അത് ശരിയാണോ ? അത് സാമ്പത്തിക അച്ചടക്കമാണോ ? അപ്പോൾ ഇതിനൊരു ക്രമീകരണം വേണം. അതാണ് ഗവൺമെന്റ് തുടങ്ങിവച്ചത് ഇവിടെ ഒരുപാട് മെമ്പർമാർ മറുപടി പറഞ്ഞതുകൊണ്ടാണ് ഞാൻ പറയാതിരുന്നത്. എവിടെയെങ്കിലും ഒരു സ്ഥലത്ത് ഇതിന്റെ ഒരു ക്രമീകരണം വേണം. അവിടെയാണ് ഗവൺമെന്റ് ഇപ്പോൾ പറഞ്ഞത്, നിങ്ങൾ ചെലവാക്കാത്ത തുക മുഴുവൻ ഞങ്ങൾ തിരിച്ചുപിടിക്കുന്നുവെന്ന്. ഇവിടെ ഇന്ന് രാവിലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മറുപടി പറഞ്ഞു. ഇതിൽ ഈ പറഞ്ഞതുപോലെ ബെസ്റ്റ് പഞ്ചായത്തിന് കിട്ടിയ അവാർഡിന്റെ കാര്യമാകട്ടെ, പ്ലാൻ പദ്ധതിയെ സംബന്ധിച്ച് പ്ലാൻ ഫണ്ടിനെ സംബന്ധിച്ച് മാത്രമാണ് നിയന്ത്രണം. പ്ലാൻ ഫണ്ട് അല്ലാത്തതിന്റെ നിയന്ത്രണം പ്ലാൻ ഫണ്ടിന്റെ കൂട്ടത്തിൽ വരുന്നില്ല. പ്ലാൻ ഫണ്ടിൽ നിങ്ങൾ ചെലവാക്കാത്ത പണം 3 മാസത്തിനകം ചെലവഴിച്ചില്ലെങ്കിൽ തിരിച്ച് പിടിക്കുമെന്ന് നോട്ടീസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അത് ഫ്രീസ് ചെയ്തിട്ടുണ്ട്. അത്രയേ ചെയ്തിട്ടുള്ളു. അതുകൊണ്ട് ഇപ്പോൾ അത് ഒരു രാഷ്ട്രീയ പ്രശ്നമായി.......... മന്ത്രിസഭാ സബ്കമ്മിറ്റി അതിനെക്കുറിച്ച് പഠിച്ച് ഇത് പരിഹരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിച്ച് എങ്ങനെ പോകണം എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഒരു നിലപാട് എടുത്തിട്ടുണ്ട്. നാളെ അതു സംബന്ധിച്ച ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് വരും. അതിന്റെ വെളിച്ചത്തിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകും. ഞാൻ പറഞ്ഞു, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയതായി 45000 കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ നിലവിലുള്ള സാഹചര്യങ്ങളിൽ നിന്നുകൊണ്ട് പരമാവധി പ്രവർത്തിക്കാൻ ശ്രമിക്കുകയാണ്.

ശ്രീ കോടിയേരി ബാലകൃഷ്ണൻ : ഇവിടെ വന്ന കുറേ പ്രശ്നങ്ങൾ നോക്കിയാൽ കർഷകത്തൊഴിലാളി പെൻഷനുണ്ട്. പഞ്ചായത്തിന് കിട്ടിയ ചെക്ക് ട്രഷറിയിൽ മാറികൊടുക്കാതെ വന്നപ്പോഴുള്ള ഒരു സ്തംഭനാവസ്ഥയാണല്ലോ വന്നത്. ദയവുചെയ്ത് നമ്മുടെ ഗവൺമെന്റ് കർഷകത്തൊഴിലാളി പെൻഷനെ ട്രഷറി ബാനിൽ നിന്ന് ഒഴിവാക്കി കൊടുക്കുമോ ?

ശ്രീ ബാബു ദിവാകരൻ : ധനകാര്യമന്ത്രിയും ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ് ഇങ്ങനെയുള്ള പെൻഷനുകളെല്ലാം കൊടുക്കുന്നത് വിതരണം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. അല്ലാതെ വിതരണം ചെയ്തുവെന്ന് കാണിക്കാൻ വേണ്ടിയല്ല. പക്ഷേ നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ സാമ്പത്തികനില വച്ച് ചിലപ്പോൾ ചില കാലഘട്ടത്തിൽ ട്രഷറി ബാൻ വേണ്ടിവരും. ട്രഷറി ബാൻ എന്നൊരു സംവിധാനം കഴിഞ്ഞ അക്കൗണ്ടിംഗ് ഇയറിൽ ഉണ്ടായിട്ടില്ല. ചില നിയന്ത്രണങ്ങൾ മാത്രമാണ്. ഞാൻ പറയട്ടെ, ഈ ചെലവഴിച്ച തുകയൊക്കെ പിന്നെ എവിടെ നിന്ന് ചെലവഴിച്ചു ? വേറെ ചെലവഴിക്കാൻ സാധിക്കുമോ ? ഈ ചെലവഴിച്ച തുകയെല്ലാം ട്രഷറിവഴിയാണ് ചെലവഴിച്ചത്. നമുക്കെല്ലാവർക്കും

LIBRARY ARCHIVES Kerala Legislative Assembly

അറിയാവുന്ന കാര്യമാണ്. ശമ്പളം കൊടുക്കുന്ന ദിവസമാകുമ്പോൾ ആ ഒരാഴ്ച നമുക്ക് ബുദ്ധിമുട്ടുകൾ വരും. എല്ലാവർക്കും ബുദ്ധിമുട്ട് വരും. എല്ലാ കാലത്തും വന്നിട്ടുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ കുറേക്കൂടി മെച്ചപ്പെടുന്ന സ്ഥിതിക്ക് ഇങ്ങനെയുളള പെൻഷനുകളും അഗതികൾക്ക് കൊടുക്കുന്ന പെൻഷനും മറ്റുമൊക്കെ ട്രഷറി ബാനിൽ നിന്ന് ഒഴിവാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട ജോണി നെല്ലൂർ പറഞ്ഞപ്പോൾ ഇതിലെ അംഗങ്ങളെ കുറിച്ച് പറഞ്ഞു. പെൻഷന് അപേക്ഷിക്കുന്നവരൊക്കെ സമൂഹത്തിലെ താഴെത്തട്ടിലുള്ള സാധാരണക്കാരായ ആളുകളാണ്. അവരുടെ കാര്യത്തിൽ, അവർക്കുവേണ്ടിയുള്ള പെൻഷൻ മറ്റുള്ളവർ കൊണ്ടുപോകുന്ന സ്ഥിതി ഒഴിവാക്കുകതന്നെ വേണമെന്നാണ് എന്റെയും അഭിപ്രായം. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ക്ഷേമനിധികളിലെല്ലാംകൂടി 45 ലക്ഷം തൊഴിലാളികൾ ഇതിനകം അംഗങ്ങളായി കഴിഞ്ഞു. ഇനിയും ഒരു വലിയ ശതമാനം തൊഴിലാളികൾ പല ക്ഷേമനിധികളിലുമായിട്ട് അംഗങ്ങളാകാൻ അവശേഷിക്കുന്നുണ്ട്. നമ്മുടെ സെൻസസും സ്റ്റാറ്റിസ്റ്റിക്സുമൊക്കെ അനുസരിച്ച് സംസ്ഥാനത്ത് 3 കോടി ജനതയിൽ എത്രയാണ് ഈ തൊഴിലാളികൾ എന്നതിനെ സംബന്ധിച്ചിടത്തോളമൊക്കെ ചില സ്റ്റാറ്റിസ്റ്റിക്സ് അവലോകനങ്ങളുണ്ട്. ഞാൻ അതൊന്നും ഇവിടെ പറയുന്നില്ല. പക്ഷേ അതുമായിട്ട് ഇതിന് ചില പൊരുത്തക്കേടുകളുണ്ട്. നമുക്ക് ചില മേഖലകളിൽ പരിശോധിക്കേണ്ടിവരും. കർഷകത്തൊഴിലാളികൾ ഈ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിൽ കിടക്കുന്ന പാവപ്പെട്ട തൊഴിലാളികൾ എന്നുള്ള നിലയിൽ ആ ഒരു അലവൻസോടുകൂടി തന്നെയാണ് പ്രശ്നങ്ങളൊക്കെ കൈകാര്യം ചെയ്യുന്നത്. അല്ലാതെ അർഹതപ്പെട്ട ആരെയെങ്കിലും ഒരാളെ ഇതിനകത്ത് നിന്ന് ഒഴിവാക്കാം എന്നതിനെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കുന്നതല്ല. തൊഴിലാളികളുടെ ക്ഷേമനിധിയുടെ പ്രവർത്തനങ്ങളിൽ വളരെ കൂടുതൽ പ്രയാസങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളും ഉണ്ടായിട്ടുണ്ട്. അതിനെ അതിജീവിക്കാൻ, ഇവിടെ ഞാൻ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുന്നത്, അതിവർഷാനുകൂല്യത്തെ സംബന്ധിച്ചിടത്തോളം ഞാനത് കൊടുക്കത്തില്ല എന്ന് വരുത്തിത്തീർക്കാൻ ഒരു ശ്രമം നടത്തി. അങ്ങനെ പറഞ്ഞ് സമ്മർദ്ദം കൊണ്ടുതന്നെ അത് കൊടുപ്പിക്കാനുള്ള ശ്രമമാണെങ്കിൽ അതിൽ എനിക്ക് വിരോധമില്ല. പക്ഷേ ഞാൻ ശ്രമിക്കുന്നത്..............

ശ്രീ. കെ. രാധാകൃഷ്ണൻ : അതിവർഷാനുകൂല്യം എന്ന് കൊടുക്കുമെന്ന് പറയാൻ അങ്ങേക്ക് കഴിയുമോ ?

ശ്രീ. ബാബു ദിവാകരൻ : ഞാൻ പറഞ്ഞല്ലോ. ഈ ബോർഡിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് 7 കോടി രൂപ മിച്ചമുണ്ട്. ആകെ ബോർഡിന്റെ കയ്യിലുള്ളത് 7 കോടി രൂപയാണ്. വിവാഹ ധനസഹായംതന്നെ ബാക്കി വിതരണം ചെയ്യാൻ 7 കോടി രൂപ വേണം. പ്രസവാനുകൂല്യങ്ങളൊക്കെ ഏതാനും ലക്ഷങ്ങൾ മാത്രമേയുള്ളു. അതെല്ലാം രണ്ടോ മൂന്നോ മാസത്തെ കുടിശ്ശികയേയുള്ളു. ബാക്കിയെല്ലാം കറന്റായിട്ട് കൊടുത്തതാണ്. കൊടുക്കാൻ ശ്രമിക്കുകയാണ്. ചികിത്സാ സഹായം ഏതാണ്ട് 6 ലക്ഷം മാത്രമേയുള്ളു. അങ്ങനെയൊക്കെയുള്ള ചെറിയ തുകകളേയുള്ളു. താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ട സ്ഥിതിയാണ് അതിലുള്ളത്. എങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അതിവർഷാനുകൂല്യം ഒഴിച്ചുള്ള കുടിശ്ശികകളൊക്കെ കറന്റാക്കും. അതിവർഷാനുകൂല്യത്തെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു ഫണ്ടിൽ നിന്ന്........ഞാൻ പറയാം, ഞാൻ അതിന് ശ്രമിക്കുന്നുണ്ട്. നിങ്ങൾ പറയുന്ന എ.ഡി.ബി.യുടെ ഫണ്ടിൽ സോഷ്യൽ സെക്യൂരിറ്റിക്ക് തുക വകയിരുത്തിയിട്ടുണ്ട്. അതുപോലെതന്നെ മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമിൽ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരു എലിമെന്റുണ്ട്. ഈ ക്ഷേമപദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഞാൻ ലേബർ വകുപ്പിൽ ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. എ.ഡി.ബി. ഒരു വർഷം ക്ഷേമപദ്ധതികൾക്കായി 60 കോടിയോളം രൂപ നീക്കിവച്ചിട്ടുണ്ട്. അപ്പോൾ രണ്ട് വർഷത്തെ കുടിശ്ശിക 120 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പറയുന്ന ക്ഷേമപദ്ധതികളുടെയെല്ലാം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും. അതിനുവേണ്ടി, അത് ഉപയോഗിക്കുന്നതിനുള്ള വളരെ കാതലായ ഒരു പ്രൊപ്പോസൽ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. എ.ഡി.ബി.യുമായുള്ള ഡിസ്ക്കഷനിൽ തൊഴിൽ വകുപ്പുമന്ത്രി എന്ന നിലയിൽ വളരെ ശക്തമായി ഇത് ഞാൻ പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ കെടുതികൾ അനുഭവിക്കേണ്ടിവരുന്നത് ഈ തൊഴിലാളികളാണ്. അതുകൊണ്ട് തൊഴിലാളികളുടെ ക്ഷേമ കാര്യത്തിൽ ഒരു പ്രത്യേക പരിഗണന ഉണ്ടാകണമെന്ന് ശക്തമായി അവിടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികളും വന്നിട്ടുണ്ട്. ഈ മെച്ചപ്പെട്ട സാഹചര്യങ്ങളിൽ ഗവൺമെന്റ് 150 കോടി രൂപ പെൻഷൻ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുന്നതിനായി അഡീഷണലായി വകയിരുത്തിയിട്ടുണ്ട്. കേരളം പാസ്സാക്കിയ ഒരു ബഡ്ജറ്റിലും ഈ പാവപ്പെട്ട തൊഴിലാളികളുടെ പെൻഷൻ ആനുകൂല്യങ്ങൾ കൊടുത്ത്തീർക്കുന്നതിനായി 150 കോടി രൂപ നീക്കിവച്ചിട്ടില്ല. ഞാൻ ഇതെല്ലാം കാണിച്ചുകൊണ്ട് ബഡ്ജറ്റിന് മുൻപ് ഇത്രയിത്ര കാര്യങ്ങളിൽ ഇത്രയിത്ര കുടിശ്ശികയുണ്ടെന്നും അതിന് പ്രത്യേക തുക വകകൊള്ളിക്കണമെന്നും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 150 കോടി രൂപ കുടിശ്ശിക കൊടുക്കുന്നതിനായി നീക്കിവച്ചിട്ടുള്ളത്. ഇപ്പോൾ ഇന്നലെ നമ്മുടെ ബഡ്ജറ്റ് പാസ്സായ സ്ഥിതിക്ക് അതിന്റെ ഒരു ക്വാർട്ടറിലെ പണം കിട്ടുന്ന മുറയ്ക്ക് ഓണത്തിന് മുൻപ് പരമാവധി കൊടുക്കാവുന്നത് കൊടുത്ത് തീർക്കും. ഈ ക്ഷേമപദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഇപ്പോഴത്തെ ഭേദഗതി കൊണ്ട്, ഈ രണ്ട് രൂപ എന്നുള്ളത് 5 രൂപ ആക്കുമ്പോൾ ഒരു നല്ല തുക അതിൽനിന്ന് നമുക്ക് പിരിച്ചെടുക്കാൻ പറ്റും.

ശ്രീ ഷിബു ബേബി ജോൺ : ഇവിടെ എല്ലാവരും ഏക അഭിപ്രായത്തിൽ പറഞ്ഞു, ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞു, അനർഹരായിട്ട് പലരും ക്ഷേമനിധി ആനുകൂല്യം കൈപറ്റുന്നു എന്ന്. അർഹതപ്പെട്ടവർക്ക് അത് നിഷേധിക്കുകയാണ്. കുടിശ്ശിക കിടക്കുകയാണ് ഇപ്പോൾ എം.ജി.പി. അനുസരിച്ചും അല്ലെങ്കിൽ എ.ഡി.ബി.യുടെ പദ്ധതിയിലുമൊക്കെ ഈ പണം സ്വരൂപിച്ച് എടുക്കുമ്പോഴെങ്കിലും അത് വിതരണം ചെയ്യുന്നതിനുമുൻപ് അനർഹരായവരെ കണ്ടെത്തി ഒഴിവാക്കുകയും അർഹരായവർക്ക് കിട്ടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാക്കുന്നതിന് നടപടിയെടുക്കുമോ ? അതിനുശേഷമേ പണം കൊടുക്കാനുള്ള തീരുമാനമെടുക്കാവൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : അങ്ങ് ഈ കുടിശ്ശിക പെൻഷൻ കൊടുക്കുന്നതിന് വേണ്ടി 150 കോടി രൂപ വകയിരുത്തിയതിനെ സംബന്ധിച്ച് പറഞ്ഞു. കർഷകത്തൊഴിലാളികൾ വളരെ ഉൽകണ്ഠയോടുകൂടി കാത്തിരിക്കുകയാണ്. പ്രത്യേകിച്ച് ഈ ഫണ്ട് തിരിച്ചുപിടിക്കുന്ന പ്രശ്നംകൂടി വന്ന സമയത്ത് ഈ പെൻഷൻ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് വളരെയേറെ പ്രയാസങ്ങളുണ്ട്. അങ്ങേക്ക് ഈ സഭയിൽ, ഓണത്തിനുമുൻപ് എത്ര മാസത്തെ പെൻഷൻ കർഷകത്തൊഴിലാളികൾക്ക് കൊടുക്കാൻ കഴിയുമെന്നുള്ള പ്രഖ്യാപനം നടത്താൻ സാധിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : ധനകാര്യമന്ത്രി ഇവിടെയുണ്ട്. ഓണത്തിനുമുൻപ് ഒരു ഗഡു കൊടുക്കും. അതിനകത്ത് തർക്കമൊന്നുമില്ല. ഒരു ഗഡു എന്നുപറഞ്ഞാൽ മൂന്നുമാസത്തെയോ നാലുമാസത്തെയോ ആണ് നമ്മൾ സാധാരണ കൊടുക്കുന്നത്. ഇപ്പോൾ 16 മാസത്തെ കുടിശ്ശികയുണ്ട്. അതിൽ കൂടുതൽ കൊടുക്കാൻ കഴിയുമോ എന്നുള്ളത് ചർച്ച ചെയ്തതിനുശേഷം പരമാവധി കൊടുക്കാൻ സാധിക്കുന്നത് കൊടുക്കാം. ഞാൻ ആ വാക്കാണ് ഉപയോഗിച്ചത്. ബഹുമാനപ്പെട്ട ഷിബു ചൂണ്ടിക്കാണിച്ചത്, ഇത് ഈ ക്ഷേമപദ്ധതിയുടെ കാര്യത്തിലല്ല, മൊത്തത്തിൽ എല്ലാ ക്ഷേമപദ്ധതിയുമാണ്. അതിനൊരു നടപടി ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്ഷേമപദ്ധതികളുടെയെല്ലാം വിവരങ്ങൾ കമ്പ്യൂട്ടറിൽ ഫീഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. എല്ലാ ക്ഷേമ പദ്ധതികളും കമ്പ്യൂട്ടറൈസേഷനിലേയ്ക്ക് കൊണ്ടുവരികയും രജിസ്ട്രേഷനെല്ലാം കമ്പ്യൂട്ടറൈസ്ഡ് ആക്കുകയും ചെയ്തു കഴിഞ്ഞാൽ ഇത് ക്രോസ്സ് ചെക്ക് ചെയ്യാനും സാധിക്കും. ഇപ്പോഴുള്ളത് എന്താണെന്ന് പറഞ്ഞാൽ ഒരു ക്ഷേമനിധിയിലുള്ള ആൾതന്നെ വേറെ ഒരു ക്ഷേമനിധിയിൽ അംഗമാകുന്നു. അങ്ങനെ പല പ്രശ്നങ്ങളുമുണ്ട്. ഇത് കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞാൽ ഇതിനൊരു ക്രോസ്സ് ചെക്കിംഗിനുള്ള അവസരമുണ്ടാകും. അപ്പോൾ നമുക്ക് കമ്പ്യൂട്ടറിൽ തന്നെ ചെക്ക് ചെയ്യാനുള്ള സംവിധാനമുണ്ടാകും. ഇപ്പോഴാണെങ്കിൽ ഫിസിക്കൽ വെരിഫിക്കേഷനില്ല. ഓരോ വർഷവും പുതുക്കുമ്പോൾ പത്തോ ഇരുനൂറോ കാർഡുകൾ ഒരുമിച്ച് കൊണ്ടുവന്ന് പുതുക്കുന്ന ഒരു സംവിധാനമുണ്ട്. അതിൽ ചില റാൻഡം ചെക്കിംഗുകൾ ഏർപ്പെടുത്താൻ ഒരു ശ്രമം ചില ബോർഡുകളിൽ ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. അത് കർഷകത്തൊഴിലാളികളുടെ കാര്യത്തിൽ ഞാൻ ആദ്യം പറഞ്ഞതുപോലെ കുറച്ചുകൂടി ലിബറലായിട്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഏറ്റവും പാവപ്പെട്ട കർഷകത്തൊഴിലാളി പെൻഷൻ വേണമെന്ന് പറഞ്ഞ് വന്നാൽ അതിൽ പ്രവർത്തിക്കുന്നവരല്ലെങ്കിലും അതുമായി ബന്ധപ്പെട്ടവരായിരിക്കുമെന്നാണ് ഒരു presumption. അത് അല്ലാത്തതുണ്ടോ എന്ന് പരിശോധിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ക്രോസ്സ് ചെക്ക് ചെയ്യാനും കുറേക്കൂടി മെച്ചപ്പെട്ട ഒരു സംവിധാനം നിലനിർത്താനും കഴിയും. ആ അവസരത്തിൽ ഇത് പരിശോധിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : പി. കെ. ശ്രീമതി ടീച്ചർ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : പ്രസ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജോണി നെല്ലൂർ : പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തതുപ്രകാരമുള്ള 2001-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

2-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഇനി ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

Shri Thomas Unniyadan : Sir, I move the following amendment :

(100) In Section 9 (2) of the principal Act proposed to be amended by clause 2 for the words "five rupees" the words "four rupees" shall be substituted. എന്റെ ഭേദഗതി അംശദായം നൽകേണ്ടത് 4 രൂപയെന്നുള്ളത് 5 ആക്കണമെന്നുള്ളതാണ്.

Shri Kodiyeri Balakrishnan : Sir, I move the following amendment:

(121) After sub-section (2) of Section 9 of the principal Act proposed to be amended by clause 2, add the following as sub-section (3) thereof :—

"(3) The Government shall contribute to the fund an amount equal to the contribution payable by the land owner under sub-section (1) . : സർ, എന്റെ 121-ാമത്തെ ഭേദഗതി ഗവൺമെന്റ് ഭൂടമകളിൽ നിന്ന് വാങ്ങുന്ന സംഖ്യയ്ക്ക് തുല്യമായിട്ടുള്ള തുക ഗവൺമെന്റ് കൊടുക്കണം എന്നതാണ്. ഗവൺമെന്റിന് യാതൊരു പങ്കാളിത്തവും ഈ ക്ഷേമനിധിയിൽ ഇല്ല. അര ഹെക്ടറിൽ കൂടുതലും ഒരു ഹെക്ടറിൽ താഴെയും കൃഷിഭൂമിയുള്ള ആളുകൾ ഇപ്പോൾ പ്രതിവർഷം 10 രൂപയാണ് കൊടുക്കുന്നത്. അതിനുമുകളിലുള്ള ആളുകൾ 15 രൂപയാണ്. ഇതുതന്നെ യഥാർത്ഥത്തിൽ വർദ്ധിപ്പിക്കേണ്ടതാണ്. വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസൽ ഞാൻ വയ്ക്കാത്തത് ഇതുതന്നെ അടയ്ക്കുന്നത് പ്രശ്നമായിട്ടുണ്ട് എന്നതിനാലാണ്. അതുകൊണ്ട് ഇത് കർശനമായിട്ട് പിരിച്ചെടുക്കണം. അതാത് വർഷം പിരിച്ചെടുക്കുന്നില്ലെങ്കിൽ തുക കൂടിക്കൂടി വന്ന് കൃഷിക്കാർക്ക് ഇത് അടയ്ക്കാൻ കഴിയുകയില്ല. സാധാരണഗതിയിൽ കൃഷിക്കാരന്റെ ഒരു മനോഭാവം കർഷകത്തൊഴിലാളിക്ക് ഒരു രൂപ കൊടുക്കുന്നതുകൊണ്ടാണ് കൃഷിയാകെ മുടിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നതെന്നാണ്. അത്തരം ഒരു ചിന്താഗതി പൊതുവിൽ കാർഷിക മേഖലയിലുണ്ട്. കൃഷിക്കാരും കർഷകത്തൊഴിലാളികളും ഒന്നിച്ചുനിന്നുകൊണ്ട് മാത്രമേ കാർഷിക മേഖലയിലെ പ്രശ്നം പരിഹരിക്കാൻ സാധിക്കൂ. അതുകൊണ്ട് കൃഷിക്കാരും കർഷകത്തൊഴിലാളിയും കാർഷിക മേഖലയുടെ വളർച്ചയുടെ പ്രധാന ഘടകങ്ങളാണ്. ഈ രണ്ട് കൂട്ടരെയും മനസ്സിലാക്കുന്ന തരത്തിലുള്ള ഒരു ബില്ലാണ് വേണ്ടത്. രണ്ടുകൂട്ടരുടെയും കോൺട്രിബ്യൂഷൻ വേണം. ഇവിടെ യഥാർത്ഥത്തിൽ കർഷകത്തൊഴിലാളിയുടെ കോൺട്രിബ്യൂഷൻ നമ്മൾ വർദ്ധിപ്പിക്കുന്നു. അത് 5 രൂപയാക്കുന്നു. അങ്ങനെവരുമ്പോൾ 2 രൂപയിൽ നിന്ന് 5 രൂപയായിട്ട് അംശദായം വർദ്ധിപ്പിക്കുമ്പോൾ പ്രതിവർഷം 60 രൂപയായിട്ട് മാറും. കർഷകത്തൊഴിലാളി 60 രൂപ കൊടുക്കണം. അത് ഒരു വർദ്ധനവാണ്. യഥാർത്ഥത്തിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയനുസരിച്ച് വർദ്ധിപ്പക്കേണ്ടതാണ്. ആ പ്രൊപ്പോസൽ ഞാൻ വയ്ക്കാത്തത് പിരിഞ്ഞു കിട്ടാത്തതുകൊണ്ടാണ്. ഇന്നത്തേത് കർശനമായി പിരിച്ചെടുക്കണം ; അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് ഒരു പങ്കാളിത്തം കർഷകത്തൊഴിലാളികളുടെ കാര്യത്തിൽ വേണം. ഗവൺമെന്റ് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നുണ്ട്. ഗവൺമെന്റ് ട്രഷറിയിൽ നിന്ന് കൊടുക്കുന്ന ഒരു പെൻഷനാണ്. അതോടൊപ്പം കേരളത്തിലെ കർഷക തൊഴിലാളികൾ കാർഷിക മേഖലയിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണെന്ന് കണ്ട് ഇവരോടുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധത തെളിയിക്കുന്നതിനുവേണ്ടി കേൺട്രിബ്യൂഷൻ നൽകിക്കൊണ്ടുള്ള അത്തരം ഒരു കോൺട്രിബ്യൂഷൻ സ്കീംകൂടി വേണമെന്നുള്ളതാണ് എന്റെ 121-ാം ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

Shri K. P. Rajendran : Sir, I move the following amendment :

120. In Section 9 of the principal Act, after sub-section (2) a new sub-section "(2A)" shall be added, namely :—

"(2A) The Government shall contribute an amount equal to the amount contributed by the employer under sub-section (1)".

ഇതിനകത്ത് 2 രൂപ എന്നത് 5 രൂപയാക്കിയാൽ പ്രതിവർഷം 60 രൂപ കർഷകത്തൊഴിലാളികൾ കൊടുക്കണം. ഉടമകളുടെ വിഹിതം അവരുടെ കൈയിൽനിന്ന് വാങ്ങി അടയ്ക്കുന്ന ചുമതലയാണല്ലോ ഗവൺമെന്റിന്. ഇവിടെ നേരത്തെ വിശദീകരിച്ചതുകൊണ്ട് ഞാൻ മറ്റുകാര്യങ്ങൾ വിശദീകരിക്കുന്നില്ല. ആ ചുമതലകൾ ഗവൺമെന്റ് നിർവ്വഹിക്കേണ്ടേ ? അത് ഉടമകൾ നിർവ്വഹിക്കുന്നില്ല എങ്കിൽ, വില്ലേജ് ആഫീസ് മുഖേന അത് അടയ്ക്കുന്നില്ലെങ്കിൽ ആ എമൗണ്ട് ഗവൺമെന്റ് അടയ്ക്കണം. ശരിക്കുവേണ്ടത് തൊഴിലാളി അടയ്ക്കുന്ന വിഹിതം, അതിന് ഈക്വൽ എമൗണ്ട് ഉടമ അടയ്ക്കണം എന്ന വ്യവസ്ഥയാണ്. പക്ഷേ ഗവൺമെന്റിന് ഇത്ര വലിയ ഒരു എമൗണ്ട് കൈയിലില്ല എന്ന് നേരത്തേ മിനിസ്റ്റർ പറഞ്ഞു. ഉടമകളുടെ കൈയിൽ നിന്ന് അടയ്ക്കേണ്ട വിഹിതം വാങ്ങിച്ചടയ്ക്കേണ്ടേ, അത് ഗവൺമെന്റ് ചെയ്യുന്നില്ല. ഗവൺമെന്റ് ഒരു വിഹിതം ഇവർക്ക് കൊടുക്കുന്നില്ല. അത് അംഗീകരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഉടമകളുടെ വിഹിതം ഗവൺമെന്റ് വാങ്ങി അടയ്ക്കുന്നില്ലെങ്കിൽ ആ തത്തുല്യമായ എമൗണ്ട് ഗവൺമെന്റ് ഈ ഫണ്ടിൽ അടയ്ക്കണം എന്ന ഭേദഗതിയാണ് ഞാൻ ശക്തിയായി അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : 122-ാം നമ്പർ ഭേദഗതി 121-ാം നമ്പർ ഭേദഗതിയും തുല്യമാണ് എന്നതിനാൽ ഭേദഗതി അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. എം. വി. ജയരാജൻ : സർ, എന്റെ ഭേദഗതി ഇന്ന് നിലവിലുള്ള തൊഴിലുടമയുടെ വിഹിതം കൃത്യമായിട്ട് വാങ്ങി അടയ്ക്കുന്നില്ല എന്നതുകൊണ്ട് കൊണ്ടുവന്നതാണ്. ഈ ക്ഷേമനിധിയുടെ തുക വർദ്ധിക്കാതിരിക്കുന്നതിന് കാരണം, 7 കോടി രൂപയായി പരിമിതപ്പെടാനുള്ള കാരണം തന്നെ അതാണ്. അതുകൊണ്ട് എനിക്കഭ്യർത്ഥിക്കാനുള്ളത് ഈ തുക കൃത്യമായിട്ട് ഗവൺമെന്റ് വാങ്ങി ക്ഷേമനിധിയിലേക്ക് മുതൽക്കൂട്ടണമെന്നതും അതോടൊപ്പം ഗവൺമെന്റ് അതിന് തത്തുല്യമായ വിഹിതം ഈ ക്ഷേമനിധിയിലേക്ക് അടയ്ക്കണമെന്നതുമാണ്. കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ സാധാരണ പ്രഖ്യാപിക്കുന്ന തുക മാത്രം പോര ; ഗവൺമെന്റ് തത്തുല്യമായിട്ടുള്ള വിഹിതം അടയ്ക്കുകയും ചെയ്യണമെന്നുള്ളതാണ് ഞാൻ ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഈ ക്ഷേമനിധിയെക്കുറിച്ച് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു കർഷകത്തൊഴിലാളികൾക്കുവേണ്ടി ഗവൺമെന്റ് ട്രഷറിയിൽനിന്ന് ഗവൺമെന്റ് നേരിട്ട് പെൻഷൻ കൊടുക്കുന്നു. അതിനുതന്നെ ഒരു വർഷം 50 കോടി രൂപ വേണ്ടിവരും. ഭൂവുടമകളുടെ വിഹിതം പിരിച്ചെടുക്കാൻ കഴിഞ്ഞാൽ ക്ഷേമനിധിക്കാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ കഴിയും. അതുകൊണ്ടാണ് അന്ന് ഗവൺമെന്റ് പ്രത്യേകമായി വിഹിതം വക കൊള്ളിക്കാതെയിരുന്നത്. എങ്കിലും പോരായ്മ വരുമ്പോൾ ഗവൺമെന്റ് കൊടുക്കും. കൊടുക്കുന്നതിന് ഇതിനകത്ത് പ്രൊവിഷൻ ഇല്ല എന്നുള്ളതുകൊണ്ട് സർക്കാരിന് കൊടുത്തുകൂടായെന്നില്ല. ആവശ്യമായിവരുന്ന ഘട്ടത്തിൽ കൊടുക്കാൻ കഴിയും. ഓരോ വർഷം കഴിയുംതോറും പിരിവ് ഊർജിതപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം കുറച്ചുകൂടെ ശക്തമായ പ്രവർത്തനം നടത്തിവരികയാണ്. ഈ വർഷംകൂടി കഴിയുമ്പോൾ കുറച്ചുകൂടി നല്ല തുക അതിൽ പിരിച്ചെടുക്കാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. ഇപ്പോൾ ഈ ഭേദഗതികൾ സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. തോമസ് ഉണ്ണിയാടൻ : പ്രസ് ചെയ്യുന്നില്ല.

(ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.)

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ.....................അനുകൂലിക്കുന്നവർ................ പ്രതികൂലിക്കുന്നവർ.........................

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുകൾ രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 56

1. Shri Moyinkutty
2. Shri C. T. Ahammed Ali
3. Shri A. K. Antony
4. Shri N. D. Appachan
5. Shri E. M. Augusthy
6. Shri K. Babu
7. Shri Babu Divakaran
8. Shri R. Balakrishna Pillai
9. Shri V. Balaram
10. Shri P. K. K. Bava
11. Shri T. V. Chandramohan
12. Shri K. A. Chandran
13. Shri M. A. Chandrasekharan
14. Shri Dominic Presentation
15. Shri K. B. Ganeshkumar
16. Shri P. P. George
17. Shri Prayar Gopalakrishnan
18. Shri M. M. Hassan
19. Shri Ishaque Kurikkal
20. Shri V. K. Ibrahim Kunju
21. Shri Johny Nelloor
22. Shri K. C. Joseph
23. Shri Joseph M. Puthusseri
24. Shri P. J. Joy
25. Shri P. K. Kunhalikutty
26. Shri Ludy Luiz

LIBRARY ARCHIVES Kerala Legislative Assembly

27. Shri C. Mammootty
28. Smt. Mercy Ravi
29. Shri K. Mohan Kumar
30. Shri A. K. Mony
31. Shri M. Murali
32. Shri K. Narayana Kurup
33. Shri M. K. Paulson Master
34. Shri T. N. Prathapan
35. Shri G. Prathapavarma Thampan
36. Shri T. U. Radhakrishnan
37. Smt. Radha Raghavan
38. Shri A. N. Rajan Babu
39. Shri K. K. Ramachandran Master
40. Shri Roshi Augustine
41. Shri T .P. M. Sahir
42. Shri K. Sankaranarayanan
43. Smt. Malethu Saraladevi
44. Shri V. D. Satheesan
45. Prof. Savithri Lekshmanan
46. Shri K. K. Shaju
47. Shri Shibu Baby John
48. Shri K. Sudhakaran
49. Shri A. Sujanapal
50. Shri C. F. Thomas
51. Shri P. T. Thomas
52. Shri Thomas Unniyadan
53. Shri Umesh Challiyil
54. Shri M. A. Vaheed
55. Shri K. C. Venugopal
56. Shri K. P. Viwsanathan

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 29

1. Shri Manjalamkuzhi Ali
2. Shri A. A. Azees
3. Shri Kodiyeri Balakrishnan
4. Shri A. K. Balan
5. Shri T. K. Balan
6. Shri V. K. Chandran
7. Shri V. Chenthamarakshan
8. Shri T. K. Devakumar
9. Shri P. C. George
10. Smt. Girija Surendran
11. Shri K. K. Jayachandran
12. Shri M.V. Jayarajan
13. Shri P. Jayarajan
14. Shri V. C. Kabeer
15. Shri M. Kumaran
16. Shri K. V. Kunhiraman
17. Shri Kovoor Kunjumon
18. Shri V. K. C. Mammathu Koya
19. Shri Mathai Chacko
20. Shri K. P. Mohanan
21. Shri Pirappancode Murali
22. Shri P. Narayanan
23. Shri K. Radhakrishnan
24. Shri K. P. Rajendran
25. Shri T. P. Ramakrishnan

LIBRARY ARCHIVES Kerala Legislative Assembly

26. Shri Saju Paul
27. Smt. P. K. Sreemathi Teacher
28. Shri P. S. Supal
29. Dr. T. M. Thomas Isac

അനുകൂലിക്കുന്നവർ .. 56

പ്രതികൂലിക്കുന്നവർ .. 29

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

ഭേദഗതി നിരാകരിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 121-ാം ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ......... പ്രതികൂലിക്കുന്നവർ..........................ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.......................പ്രതികൂലിക്കുന്നവർ.........................2-ാം വകുപ്പു ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

Smt. P. K. Sreemathi Teacher : Sir, I move the following amendment :

(89) The title of the Bill shall be recast as follows :

The Kerala Agricultural Workers' (Amendment) Bill, 2003.

Shri Kovoor Kunjumon : Sir, I move the following amendment :

(90) In the Enacting "Formula for the word fifty third" the word "fifty fourth" shall be substituted..

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്റെ 97 -ാമത്തെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നില്ല.

Shri V. K. Chandran : Sir, I move the following amendment :

(98) Clause 1(2) shall be recast as follows : "It shall come into force on such date as the Government may, by notification in the Gazette appoint".

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്. മറ്റൊന്നും സ്വീകരിക്കാവുന്നവയല്ല. ശ്രീ. വി. കെ. ചന്ദ്രൻ പറഞ്ഞത് by notification at once in the Gazette, appoint" എന്നുവേണമെന്നാണ്. അതുവേണ്ട at once മതി. അതുകൊണ്ട് അതു സ്വീകരിക്കേണ്ട ആവശ്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.................... പ്രതികൂലിക്കുന്നവർ........................

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 90-ാം നമ്പർഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 89-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ..........അനുകൂലിക്കുന്നവർ............. പ്രതികൂലിക്കുന്നവർ..........................ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. കെ. ചന്ദ്രൻ : പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ വി. കെ. ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ.................അനുകൂലിക്കുന്നവർ................... പ്രതികൂലിക്കുന്നവർ..........................

ശ്രീ. വി. കെ. ചന്ദ്രൻ അതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ പ്രശ്നത്തെ......... അനുകൂലിക്കുന്നവർ.............പ്രതികൂലിക്കുന്നവർ..........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിക്ക് ബില്ല് പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ എം. എം. ഹസ്സൻ) : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ................പ്രതികൂലിക്കുന്നവർ............പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു ; ബിൽ പാസ്സാക്കിയിരിക്കുന്നു.

(2) ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ എം. എം. ഹസ്സൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

VIII ക്രമപ്രശ്നം

ബില്ലിന്റെ അവതരണം സംബന്ധിച്ച്

Shri. M. V. Jayarajan : Sir, I raise a Point of Order.

Mr. Deputy Speaker : What is your objection ?

ശ്രീ. എം. വി. ജയരാജൻ : സർ, പൊതുവിൽ സ്വാഗതം ചെയ്യപ്പെടേണ്ടുന്ന ഒരു ബില്ലാണ് ഇത്. കേരളത്തിൽ പ്രത്യേകിച്ച് വയനാട്, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ സ്വന്തം പുരയിടത്തിലുള്ള മരംപോലും മുറിച്ചുമാറ്റുവാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഹൈക്കോടതി വിധിയെത്തുടർന്ന് ജനങ്ങൾക്ക് ഉണ്ടായിട്ടുള്ളത്. പൊതുവിൽ സ്വാഗതാർഹമായിട്ടുള്ള ഒന്നാണ് ഈ ബിൽ. പക്ഷേ ഇതിൽ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഹൈക്കോടതിയിലുള്ള ഒരു ഒ.പി.-യുടെ കാര്യം പറയുന്നുണ്ട്. ഒ.പി. നമ്പർ 30589/2001.ആ.ഒ.പി. അടിസ്ഥാനമാക്കിക്കൊണ്ടാണ് ഈ നിയമനിർമ്മാണം. അതിൽ കേരള ഹൈക്കോടതി വിധിയിൽ ഏതൊരു വൃക്ഷവും മുറിക്കുന്നതിനും കടത്തുന്നതിനും നിരോധനം ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly